മാർച്ച് 2021


Price ₹ 25

# ജീവനും വെളിച്ചവും



ഓർക്കുക:
കിരീടം അണിയിക്കുന്നവർ
ഒരിക്കൽ നിങ്ങളെ
കുരിശിൽ തറയ്ക്കും!


16-ാമത്
അനന്തപുരി കാത്തലിക്
ബൈബിൾ കൺവെൻഷൻ
(ഓൺലൈൻ കൺവെൻഷൻ)
2021 മാർച്ച്
21 22 23 24 25
തീയതികളിൽ വൈകു : 7.30 മുതൽ 10.00 വരെ
വചനാഭിഷേകം
നയിക്കുന്നത്
റവ. ഫാ. ഡാനിയൽ പൂവണ്ണത്തിൽ
(ഡയറക്ടർ, മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്റർ, വേറ്റിനാട്)
ഷെക്കെയ്ന ടെലിവിഷനിലും
മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രത്തിന്റെ
യൂട്യൂബ് ചാനലിലും തത്സമയ
സംപ്രേക്ഷണം ഉണ്ടായിരിക്കും
Catholic Syrian Bank Ltd. Palayam
A/c No. 00960120886119OOO1
RTGS/NEFT IFSCode : CSBK0000096
സംഭാവന നൽകാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക :
8848971278 | 9400820818


മാർച്ച് 11 ന് ജന്മദിനവും മാർച്ച് 19 ന് നാമഹേതുക തിരുനാളും
ആഘോഷിക്കുന്ന തിരുവനന്തപുരം അതിരൂപതാധ്യക്ഷൻ
അഭിവന്ദ്യ സൂസപാക്യം പിതാവിന്
അതിരൂപതാ മക്കളുടെ പ്രാർഥനാശംസകൾ...

**ജീവനും വെളിച്ചവും**

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2021 മാർച്ച്
പുസ്തകം - 45 ലക്കം - 3
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
**ഉപദേശക സമിതി**
ഫാ. ഫാ. ഡാർവിൻ പീറ്റർ
ഫാ. സുരേഷ് പയസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. തിയോഡേഷ്യസ് ഡിക്രൂസ്
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ജോൺ എ.ആർ.
ഫാ. ഷാജിൻ ജോസ്
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ് IVDei
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ




# നല്ല നാളെയ്ക്കുള്ള പുത്തൻവഴികൾ സ്വപ്നം കാണാം

വലിയ നോമ്പാചരണത്തിന്റെ മദ്ധ്യേയാണ്
ക്രൈസ്തവ ജനത.
ജനിതക മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്ന
കൊറോണ മഹാമാരിയുടെ മുന്നിൽ,
മനസ്സ് കോച്ചി, ലോകം വിറങ്ങലിച്ച്
നിൽക്കുമ്പോൾ...
അസന്നിഗ്ദ്ധമായി തുടരുന്ന ഈ സ്ഥിതിവിശേഷം
നാം കടന്നുവരുന്ന വഴികളിലെ പുഴുക്കുത്തുകൾ
തുറന്നുവയ്ക്കുന്നു.
തിരുത്തലുകൾക്കുള്ള സമയമാണ്.
നമുക്കാത്മശോധനയാകാം.

മഹാമാരി ഒരുവശത്ത്, ഉത്തരാഖണ്ഡിലെ
മഞ്ഞുമല ഇടിച്ചിൽ തുടങ്ങി ഭയപ്പെടുത്തുന്ന, നേരറിവുകൾ
പുറത്തുവരാത്ത ദുരന്തങ്ങൾ മറുവശത്ത്.
വികസനത്തിന്റെ ഓമനപ്പേര് പറഞ്ഞ്
ഇന്ത്യയും കേരളവും ഉൾപ്പെടെ, ലോകരാഷ്ട്രങ്ങൾ
നടത്തുന്ന പേക്കൂത്തുകൾ–
അതിന്റെ ഭാഗമാണ് 2018 ൽ ആരംഭിച്ച്,
പുകമറകൾ പൊളിച്ച് പുറത്തുവന്ന ഇഎംസിസി
ആഴക്കടൽ മത്സ്യബന്ധന ഇടപാട്. വിവരങ്ങൾ പോലും
പുറത്തുവരാത്ത എത്രയെത്ര കരാറുകളാണ്
ഭരണത്തിന്റെ ചുവപ്പുനാടകളിൽ കുരുങ്ങിക്കിടക്കുന്നത് -
ഇതൊന്നുമറിയാതെ,
പാവം ജനം!ഉണരേണ്ടതുണ്ട്.

ഈ വലിയ നോമ്പ് -
ആലസ്യം പൂണ്ട കണ്ണുതിരുമ്മി
ഉണരാനുള്ള ഉണർത്തുപാട്ടാണ്
ഒരു ഉയർത്തെണീപ്പിനുള്ള സന്ദർഭം.
ഫ്രാൻസീസ് പാപ്പ പറയുന്നതുപോലെ,
നല്ല നാളെയ്ക്കുള്ള പുത്തൻ വഴികൾ
നമുക്ക് സ്വപ്നം കാണാം.
ഉയിർപ്പാശംസകളോടെ!

– പത്രാധിപർ

റവ. ഡോ. ഡാർവിൻ പീറ്റർ



# വി. യൗസേപ്പിതാവിൽ നാം ദർശിക്കുന്ന ആത്മീയത

എല്ലാ കാര്യങ്ങളിലും തന്റെ സവിശേഷ ശ്രദ്ധ പതിപ്പിക്കുന്ന ഫ്രാൻസിസ് പാപ്പയുടെ ആഹ്വാനമനുസരിച്ച് ഈ വർഷം നാം യൗസേപിതാവിന്റെ വർഷമായും കുടുംബവർഷമായും ആചരിക്കുകയാണല്ലോ. നീതിയിലധിഷ്ഠമായ സാർവ്വത്രിക സാഹോദര്യത്തിന്റെയും സാമൂഹിക സൗഹൃദത്തിന്റെയും വഴിയിൽ ഒരു ആഗോള രാഷ്ട്രം, സർവ്വരാഷ്ട്ര കുടുംബം രൂപപ്പെടുത്തണമെന്ന് സർവ്വരും സഹോദരർ (ഫ്രത്തേലി തൂത്തി) എന്ന ചാക്രിക ലേഖനത്തിൽ ആഹ്വാനം ചെയ്യുന്ന പരിശുദ്ധ പിതാവ് "പിതാവിന്റെ ഹൃദയം" എന്ന അപ്പസ്തോലികലേഖനത്തിൽ വിശുദ്ധ യൗസേപ്പിതാവ് സാർവത്രിക സഭയുടെ സംരക്ഷകനാണെന്ന പ്രഖ്യാപനം നമ്മെ ആവർത്തിച്ചനുസ്‌രിപ്പിക്കുന്നു. വിശുദ്ധ യൗസേപ്പിന്റെ സപ്തവർണ്ണങ്ങളിൽ തെളിയുന്ന ആത്മീയത സ്വന്തമാക്കുവാൻ നമ്മെ ആഹ്വാനം ചെയ്യുകയാണ് പരിശുദ്ധ പിതാവ്. വിശുദ്ധ യൗസേപ്പിതാവിന്റെ വർഷമാചരിക്കുമ്പോൾ ഈ പുണ്യ പിതാവിൽ നിന്ന് നാം അനുകരിക്കേണ്ട ചില ആത്മീയ ചിന്തകളാണ് ഞാനിവിടെ കുറിക്കുന്നത്.

വിശുദ്ധ മത്തായി എഴുതിയ സുവിശേഷത്തിൽ നാം വായിക്കുന്നു "കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ യൗസേപ്പ് മറിയത്തെ ഭാര്യയായി സ്വീകരിച്ചു" (മത്തായി 1:27). ഈ വചന ഭാഗം യൗസേപ്പിന് ദൈവം നല്കിയ ദൗത്യത്തെ സൂചിപ്പിക്കുന്നു. വളരെ സാധാരണക്കാരനായി ജീവിച്ചുകൊണ്ട് അസാധാരണമായ വിശുദ്ധിയിലുടെ അനുദിനജീവിതത്തിൽ ചെറുതും വലുതുമായ കാര്യങ്ങൾ ചെയ്ത് ദൈവം ഏല്പിച്ച ദൗത്യം എളിമയോടും വിവേകത്തോടും നിർവ്വഹിച്ചിരുന്ന ഒരു പിതാവാണ് വിശുദ്ധ യൗസേപ്പിതാവ്. ദൈവീക കാര്യങ്ങൾ മനസിലാക്കുവാൻ പ്രയാസമുള്ളപ്പോഴെല്ലാം വിശ്വസ്തതയോടെ ദൈവത്തിന്റെ സാന്നിധ്യത്തിലായിരുന്നുകൊണ്ട് ദൈവസ്വരത്തിന് കാതോർക്കുകയും അനുസരിക്കുകയും ചെയ്തിരുന്നു. വിശ്വസ്തതയോടും വിശ്വാസത്തോടും ദൈവത്തിന്റെ സന്ദേശങ്ങൾക്ക് കാത് കൊടുത്ത യൗസേപ്പിതാവ് മറിയത്തിന്റെയും ഉണ്ണിശോയുടെയും സന്തോഷത്തിലും സന്താപത്തിലും കൂടെ ഉണ്ടായിരുന്നുകൊണ്ട് തന്റെ ഉത്തരവാദിത്വങ്ങൾ പൂർണ്ണമായി നിർവ്വഹിച്ചു. ഈ ദൗത്യനിർവ്വഹണത്തിൽ ഒരു പ്രാവശ്യമല്ല പലപ്രാവശ്യം സഹനത്തിന്റെ തീവ്രതയിലൂടെ കടന്നുപോയി. ഈ പുണ്യപിതാവിന്റെ തിളക്കമാർന്ന ആത്മീയതയിൽ

നിന്ന് നമുക്ക് സ്വന്തമാക്കാവുന്ന ഏറ്റവും നല്ല പുണ്യങ്ങളാണ് അവിടുത്തെ ആഴമേറിയ മൗനവും നീതിബോധവും.

വിശുദ്ധ യൗസേപ്പിതാവിനെക്കുറിച്ച് ധ്യാനിക്കുമ്പോൾ ഈ പുണ്യപിതാവിൽ നിന്ന് ആദ്യം അനുകരിക്കേണ്ടത് അവിടുത്തെ വിശുദ്ധ മൗനമാണ്. യേശുവിന്റെ മനുഷ്യാവതാരനിമിഷത്തിൽ തന്നെ ആദ്യമായി കുരിശ് വഹിക്കുവാൻ ഭാഗ്യം ലഭിച്ച പുണ്യപിതാവാണ് വി. യൗസേപ്പ്. മരണത്തിന്റെ ഇരുൾ വീശിയ താഴ്വരയിലൂടെ കടന്നുപോയപ്പോൾ വിശുദ്ധ യൗസേപ്പിതാവ് തന്റെ ആഴമേറിയ മൗനത്തിൽ ദൈവപിതാവുമായുള്ള ആത്മീയ ബന്ധം സ്ഥാപിച്ചെടുത്തു. ദൈവപിതാവ് തന്നെ ഏൽപിച്ച ദൗത്യത്തിന് വേണ്ടി മറിയത്തെയും ഉണ്ണിയേയും സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഉറക്കമൊഴിച്ചുള്ള കൂട്ടിരിപ്പുകളും കാഠിന്യം സഹിച്ചുള്ള യാത്രകളും അലച്ചിലുകളും ദൈവപിതാവിന്റെ സ്വരം കേൾക്കുന്ന വഴികളായി അദ്ദേഹം മാറ്റി. നാം ഇന്ന് ശബ്ദകോലഹലങ്ങളുടെയും അതുണ്ടാക്കുന്ന പരിസ്ഥിതി മലിനീകരണത്തിന്റെയും മധ്യത്തിലാണ് ജീവിക്കുന്നത്. ദൈവസ്വരം കേൾക്കുവാനുള്ള മൗനം ഇന്ന് നമുക്ക് അന്യമായിരിക്കുന്നു. ദൈവത്തിന്റെ ഇഷ്ടം നാം അറിയണമെങ്കിൽ മൗനം ആവശ്യമാണ്. കാരണം ഈ മൗനത്തിൽ നിന്നാണ് നാം സത്യം ഗ്രഹിക്കുന്നതും അത് സ്വാംശീകരിക്കാനുമുള്ള ആന്തരിക ശക്തി ലഭിക്കുന്നതും. വിശുദ്ധ യൗസേപ്പിതാവിന്റെ ആഴമായ മൗനം സത്യമായവ സ്വാംശീകരിക്കുവാനും അവ കർമപഥത്തിലെത്തിക്കുവാനുമുള്ള ആന്തരിക ശക്തി അദ്ദേഹത്തിന് ലഭിക്കുവാൻ കാരണമായി.

രണ്ടാമതായി വിശുദ്ധ യൗസേപ്പിതാവിൽനിന്ന് അനുകരിക്കേണ്ട ആത്മീയത അവിടുത്തെ നീതിബോധമാണ്. വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ നാം വിശുദ്ധ യൗസേപ്പിതാവിനെ കുറിച്ചുള്ള വിശേഷണം ഇപ്രകാരം വായിക്കുന്നു: 'നീതിമാൻ' എന്താണ് നീതി? CCC യിൽ രേഖപ്പെടുത്തിയിരിക്കുന്നതും ഇപ്രകാരമാണ്. അർഹിക്കുന്നത് അർഹിക്കുന്നവർക്ക് അർഹിക്കുന്ന സമയത്ത് കൊടുക്കുന്നതാണ് യഥാർത്ഥ നീതി. മറിയത്തിന് പരിഗണനയും യേശുവിന് കരുതലും വേണ്ട സമയത്ത് വേണ്ടതുപോലെ നല്കിയതുകൊണ്ടാണ് യൗസേപ്പിനെ നീതിമാൻ എന്ന് നാം വിളിക്കുന്നത്. ദൈവീക സ്വരത്തിന് കാത് കൊടുത്തുകൊണ്ട് ദൈവഹിതത്താൽ നയിക്കപ്പെട്ട വിശുദ്ധ യൗസേപ്പിതാവ് മറിയത്തിനും യേശുവിനും നല്കിയ കരുതൽ ദൈവപിതാവിന്റെ കാരുണ്യയോളമെത്തിയ ഒരു പുണ്യമാണ്. മറിയം ഗർഭസ്ഥയെന്ന് കേട്ടമാത്രയിൽ അവളെ ഉപേക്ഷിക്കാതെ അപമാനിക്കാതെ ദയാപൂർവ്വം സ്വീകരിച്ച യൗസേപ്പിതാവ് വലിയ ആർദ്രതയുടെ അടയാളമാണ്. ഫ്രാൻസിസ് പാപ്പ പറയുന്നതുപോലെ യൗസേപ്പ് വലിയ ആദ്രതയുടെ മനുഷ്യനാണ്. വലിയ ആർദ്രതയുള്ള മനുഷ്യർക്ക് മാത്രമേ ഇതുപോലുള്ള മഹത്തായ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുകയുള്ളൂ. അന്ന് വിശുദ്ധ യൗസേപ്പിതാവ് മറിയത്തോടും ഉണ്ണിയോടും കാണിച്ച ആർദ്രത, ദൈവീക കരുണ ഈശോ തന്റെ പ്രബോധനങ്ങളിൽ ശക്തമായി വ്യക്തമാക്കിയിരുന്നു. ചുങ്കക്കാരനായ മത്തായിയെ തന്റെ ശിഷ്യനായി സ്വീകരിക്കുന്നതിലൂടെയും പാപിനിയായ മഗ്ദേലനയ്ക്ക് പാപമോചനം നല്കുക വഴിയും കാൽവരിയിലെ നല്ല കള്ളന് നൽകിയ പറുദീസ വാഗ്ദാനത്തിലൂടെയും ഈശോ കാണിച്ച കരുണ, ദൈവത്തിന്റെ നീതി വാസ്തവത്തിൽ വിശുദ്ധ യൗസേപ്പിതാവ് മറിയത്തോടും ഉണ്ണീശോയോടും കാണിച്ച വലിയ നീതിയുടെ, ആർദ്രതയുടെ ബഹിർസ്പുരണങ്ങളായിരുന്നു.



ലോകം മനുഷ്യനെ അയല്ക്കാരനാക്കാൻ പരിശ്രമിക്കുമ്പോൾ ദൈവം തന്റെ സുതനിലൂടെ സഹോദരനാക്കിയിരിക്കുന്നുവെന്ന ദൈവത്തിന്റെ ആർദ്രത ഫ്രത്തേലി തൂത്തി എന്ന ചാക്രികലേഖനത്തിലൂടെ തുറന്ന് കാണിച്ച പരിശുദ്ധ പിതാവിന്റെ ആഹ്വാനം സ്വീകരിച്ചുകൊണ്ട് നാം ഓരോരുത്തർക്കും ഒരു സർവ്വരാഷ്ട്രകുടുംബം പണിയുവാൻ പരിശ്രമിക്കാം. യൗസേപ്പിതാവിൽ നാം ദർശിച്ച ആർദ്രത അപരന്റെ ഹൃദയങ്ങളിലേക്ക് നമുക്ക് ഒഴുക്കാം. അതുവഴി അപരനെ അന്യനിൽ നിന്ന് സഹോദരനിലേക്ക് ഉയർത്താം. ഈ നോമ്പുകാലത്ത് ഈ പുണ്യപിതാവിനെ ധ്യാനാത്മകമാക്കികൊണ്ട് അവിടുത്തെ പുണ്യങ്ങളായ വിശുദ്ധ മൗനവും നീതിബോധവും നമ്മുടെ ജീവിതത്തിൽ കൈമുതലാക്കാം. ■



# അനുകരണീയ വിശുദ്ധ ചുവടുകൾ

**സിസ്റ്റർ ഷീബ ആൻഡ്രൂസ് എ.സി.**
(വൈസ് പ്രിൻസിപ്പാൾ, കോഴിക്കോട് പ്രൊവിഡൻസ് കോളേജ്)

പ്രതീക്ഷകളാണ് മനുഷ്യജീവിതത്തിന് പറന്നുയരാനുള്ള ചിറകുകൾ നൽകുന്നത്. പക്ഷേ ഓരോ പ്രതീക്ഷകളും ഒന്നൊന്നായി ജീവിതപ്പടവുകളിൽ പൊലിഞ്ഞു പോയാലോ? പിന്നെയെന്ത് ജീവിതം അല്ലേ? ... ഇരുളിലേക്ക് നോക്കി ഒരു ജീവിതം സാധ്യമോ... അല്ലെങ്കിൽ ഇരുളിന്റെ മധ്യത്തിൽ ഒരു ജീവിതം സാധ്യമോ...വിശുദ്ധ യൗസേപ്പിതാവിന്റെ ജീവിത പന്ഥാവുകളിലേക്ക് ഒന്നു കണ്ണോടിച്ചാൽ തീർച്ചയായും നമ്മുടെ ജീവിത പ്രതീക്ഷകൾക്കും നാമ്പുകൾ മുളക്കുന്നതായി കാണാം.

ഒരു തച്ചന്റെ ജോലി...സ്നേഹിച്ച സഖി തന്നെ വഞ്ചിച്ചു എന്ന തോന്നൽ... ഒരു സ്വപ്നത്തിൽ വിശ്വസിച്ച് ജീവിതത്തിലേക്ക് വീണ്ടും ഒരു കുതിപ്പ് (എടുത്തുചാടൽ). പിന്നെയങ്ങോട്ട് കഷ്ടതകളിലൂടെയുള്ള പ്രയാണം. വെറുമൊരു വളർത്തു പിതാവ് മാത്രമായി മാറുന്ന അവസ്ഥ...മറിയത്തിനു വേണ്ടി സ്വന്തം ജീവിതം ഒരു ബലിയാടാക്കിയ മനുഷ്യൻ നിശബ്ദതയിൽ ദൈവവുമായി സംവദിച്ച കർമ്മയോഗി... തൊഴിൽ മാഹാത്മ്യം ജീവിത സാക്ഷ്യമാക്കിയവൻ!സാമൂഹിക സാംസ്കാരിക മേഖലകളിൽ സ്വാശ്രയത്വം പരിശീലിച്ച് മാതൃകയായവൻ...മാന്യൻ, നിശബ്ദൻ... കർമ്മയോഗി... സന്ന്യാസി...സ്വന്തമല്ലാത്തതൊക്കെ സ്വന്തമായി കണ്ട് ജീവിച്ചവൻ... ഒരു പിൻതുടർച്ചാവകാശിയും ഇല്ലാതിരുന്നിട്ടും ലോകം മുഴുവനും അദ്ദേഹത്തെ പിതാവേ എന്നു വിളിക്കുന്നില്ലേ. നമ്മുടെ ചെറിയ ആഗ്രഹങ്ങൾ നാം ത്യജിക്കുമ്പോൾ ജീവിതത്തിന്റെ അനന്തസാധ്യതകളിലേക്ക് എത്തിച്ചേരാമെന്നും പൂർണ്ണത കൈവരിക്കാമെന്നും ജീവിതം സംതൃപ്തമാക്കാമെന്നും യൗസേപ്പിതാവ് നമ്മെ പഠിപ്പിക്കുന്നു.

'പ്രാണേശ്വരാ, രാവും പകലും അങ്ങയുടെ സ്പർശം എന്റെ എല്ലാ അവയവങ്ങളിലും ഞാൻ അനുഭവിച്ചു കൊണ്ടിരിക്കുന്നു. അത് എന്നും സ്മരിച്ച് എന്റെ ശരീരം ഞാൻ പവിത്രമാക്കി സൂക്ഷിക്കാം'എന്ന ഗീതാഞ്ജലിയിൽ പറയുന്നതുപോലെ ജീവിതത്തിൽ പവിത്രത കാത്തു സൂക്ഷിച്ച മഹാനായ യൗസേപ്പിതാവിന്റെ ജീവിതയാനം തീർച്ചയായും ഒരു മാതൃക തന്നെ.

ഒരു കുടുംബമോ, അഡ്രസ്സോ, കുലപ്പേരോ, ഒന്നുമില്ലാത്ത, ഒരു തച്ചൻ, ആ തച്ചന്റെ മകനല്ലേ എന്ന ജനാവലിയുടെ പൊരുൾ ഇങ്ങനെ... തറവാട്, കുലം, ജാതി, പണം എന്നിവ മന്ത്രണമാക്കി സമൂഹത്തിൽ

**ആനന്ദമാണ് ഏതൊരു മനുഷ്യന്റെയും സമ്പത്ത് നാം ചെയ്തു തീർക്കുന്ന ജോലികളിലെല്ലാം ആത്മീയതയുടെ അംശം ചേർക്കുമ്പോൾ, നമുക്ക് ആനന്ദം ഉണ്ടാകുന്നു. മുതലാളിത്ത സംസ്കാരത്തിന്റെ പണത്തിനോടുള്ള അഭിനിവേശം, തൊഴിൽ ചെയ്യുന്നുണ്ടെങ്കിലും, അതിന്റെ മഹാത്മ്യം നഷ്ടപ്പെടുത്തുന്നു.**

എങ്ങനെ ഒരു പടി ഉയർന്നു നിൽക്കാം എന്നു നാം ചിന്തിക്കുമ്പോൾ, ഇവിടെ ഇതാ ഒരു മനുഷ്യൻ, ദാവീദിന്റെ വംശത്തിൽപ്പെട്ടവനായിട്ടും ആരാലും അറിയപ്പെടാൻ വാഞ്ചിക്കാതെ, വളരെ എളിമയോടും എന്നാൽ ആത്മാഭിമാനത്തോടെയും തച്ചന്റെ തൊഴിൽ ചെയ്തു തന്റെ ജീവിതം യേശുവിനും, മേരിക്കും തന്റെ സഹായം ആവശ്യമുള്ള എല്ലാവർക്കുമായി പരിത്യാഗം ചെയ്ത നല്ല സമരിയക്കാരനെപ്പോലെ... ഇതെങ്ങനെ സാധിച്ചു എന്നു ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്... ഈ ലോകത്തിന്റെ പ്രശംസയേക്കാളും കർമ്മഫലേച്ഛയെക്കാളും അത്യുന്നതമായ നിധി, ദൈവത്തോട് കൂടിയായിരിക്കുന്നതിലാണ്, ദൈവത്തിന്റെ സ്വരം ശ്രവിച്ച് അതു നിറവേറ്റുന്നതിലാണ് ജോസഫിന്റെ ജീവിതസാ



ക്ഷ്യം...സങ്കീർത്തകൻ പറയുന്നതുപോലെ, ഇതാ ഞാൻ വരുന്നു, കർത്താവേ, അങ്ങയുടെ ഹിതം നിറവേറ്റുന്നതിലാണ് എന്റെ സന്തോഷം..." ആത്മീയാനന്ദം ആത്മാർത്ഥയുള്ളവർക്കാണു ലഭിക്കുക.

## വിശുദ്ധീകരിക്കപ്പെട്ട പന്ഥാവുകൾ

ഒരു സാധികന്റെ മനോഭാവത്തോടെ ബെത്‌ലേഹമിലേക്കുള്ള പ്രയാണം... അവിടെയെത്തിയപ്പോഴോ വീടുവീടാന്തരം കയറിയിറങ്ങി ഒരു മേൽ കൂരക്കുകീഴിൽ ഈശോക്ക് ജൻമമേകാൻ... അവിടെനിന്നും ഉടനടി ഈജിപ്തിലേക്കുള്ള യാത്ര... പതചലനങ്ങൾ പ്രദക്ഷിണമാക്കണേ എന്ന പ്രാർത്ഥനയോടെ ദൈവതിരുമനസ്സ് പാഥേയമാക്കി, ക്ലേശകരമായ യാത്രകളിൽ അമംഗളകരമായ സർവ്വ ദുർവിചാരങ്ങളേയും മാറ്റിനിർത്തി സ്വച്ഛവും നിർമ്മലവുമായ സ്നേഹം ഹൃദയത്തിൽ നിറച്ച് ഹൃദയം ശ്രീകോവിലാക്കി പിന്നിട്ട യാത്രകൾ കനലുപാകിയ വഴികളെ രാജവീഥികളാക്കുന്നു. തീച്ചൂളയിൽ എറിഞ്ഞപ്പോൾ ദൈവസ്തുതികൾ പാടി നൃത്തമാടിയ പഴയ നിയമ കഥാനായകരായ ഷദ്രാക്, മിഷാക്, അബ്ദനേഗോ എന്നിവരെപ്പോലെ സഹനത്തിന്റെ തീച്ചൂളയിൽ മനസ്സും ശരീരവും വെന്തു നീറുമ്പോഴും ഹൃദയത്തിൽ മൗനസങ്കീർത്തനം ആലപിച്ചുകൊണ്ടൊരു പ്രയാണം. ഈ പ്രയാണം അവസാനിക്കുന്നത് എവിടെയാണെന്നതാണ് വളരെ പ്രധാനം... ഈശോയുടെയും മേരിയുടെയും കരങ്ങളിൽ തന്റെ ആത്മാവിനെയും ശരീരത്തേയും സമർപ്പിച്ചുകൊണ്ട് അത് അവസാനിക്കുന്നു... നല്ല മരണത്തിന്റെ മാദ്ധ്യസ്ഥനായി യൗസേപ്പിതാവിനെ കാണുന്നതും ഈ കാരണങ്ങൾ കൊണ്ടുതന്നെയാണ്. ജീവിതയാത്രയിലെ ഒടുവിലത്തെ ഇടം എവിടെയാണ് എന്നുള്ളത് വളരെ പ്രധാനപ്പെട്ടതാണ്. നാം ചെന്നെത്തേണ്ട ഇടത്തെ ഹൃദയമന്ത്രണമാക്കിയാൽ, അവിടെത്തന്നെയായിരിക്കും നാം വിശ്രമിക്കുക...അവസാനത്തെ ശ്വാസവും സ്രഷ്ടാവിന്റെതാണ് ആദ്യത്തേതുപോലെ തന്നെ! സ്രഷ്ടാവിന്റെ സാമീപ്യത്തിലേക്കുള്ള സ്വതന്ത്ര പ്രയാണം സാധ്യമാകണമെങ്കിൽ യൗസേപ്പിതാവിന്റെ മാതൃക നാം നെഞ്ചോടു ചേർത്തുപിടിച്ച് ആശ്ലേഷിക്കണം.

## പവിത്രമായ കർമ്മപഥങ്ങൾ

നെറ്റിയിലെ വിയർപ്പുകൊണ്ടാണ് നാം അപ്പം ഭക്ഷിക്കേണ്ടത്. തൊഴിൽ സംസ്കാരം മാനവകുലത്തിന്റെ അന്തസത്തയുടെയും നിലനിൽപിന്റേയും ഭാഗമാണ്. ശുഭവസ്ത്രങ്ങൾ മാറ്റി കർമ്മക്ഷേത്രത്തിലേക്ക് ചുവടുവെച്ച് ധാരധാരയായി വിയർപ്പൊഴുക്കി ഒരു മനുഷ്യൻ... രാവും പകലും വെയിലത്തും മഴയത്തും വിയർപ്പൊഴുക്കുന്നതിലാണ് ദൈവസാന്നിധ്യം പ്രത്യക്ഷമായും പ്രകടമാകുന്നത്. ടാഗോർ പറയുന്നത് ഇവിടെ ശ്രദ്ധാർഹമാണ്. നിന്റെ ധ്യാനമെല്ലാം നിറുത്തുക. പൂജാപാത്രം താഴെവക്കുക... വസ്ത്രങ്ങൾ കീറികൊള്ളട്ടെ... ഈ കർമ്മക്ഷേത്രത്തിൽ അദ്ദേഹത്തോടൊത്ത് ചേർന്ന് നീയും ധാര ധാരയായി വിയർപ്പൊഴുക്കുക (ഗീതാഞ്ജലി:11).

ജോസഫിൽ വിളങ്ങി നിന്ന തൊഴിൽ സംസ്കാരം ഇവയാണ്. തൊഴിലിൽ ഒരിക്കലും പരാതിപ്പെട്ടില്ല, പ്രതിഫലം നോക്കിയില്ല... മിച്ചം വരുന്ന തുക ദരിദ്രർക്ക് ദാനം ചെയ്ത് ദാനോപദാരനായി ഔദ്യോഗിക കൃത്യങ്ങൾ കൃത്യമായും ചിട്ടയായും നടത്തി പ്രാർത്ഥനാനിമഗ്നനായി ഓരോ ദിവസവും കർമ്മക്ഷേത്രത്തിൽ

**ഈ ലോകത്തിന്റെ പ്രശംസയേക്കാളും കർമ്മഫലേച്ഛയെക്കാളും അത്യുന്നതമായ നിധി, ദൈവത്തോട് കൂടിയായിരിക്കുന്നതിലാണ്, ദൈവത്തിന്റെ സ്വരം ശ്രവിച്ച് അതു നിറവേറ്റുന്നതിലാണ് ജോസഫിന്റെ ജീവിതസാക്ഷ്യം...**

നിന്നും വിരമിക്കുന്നു. ആയതിനാൽ കഠിനാദ്ധ്വാനത്തിൽ തളർന്നു പോയാലും തൊഴിൽ ചെയ്യുന്ന മറ്റെല്ലാവരെക്കാൾ അദ്ദേഹത്തിന്റെ പ്രവർത്തനം ദൈവം ഫലസമൃദ്ധങ്ങളാക്കി. ദൈവസാന്നിധ്യത്തിലും, ദൈവമഹിമക്കുമായി എളിമയോടെ ഏറ്റെടുക്കുന്ന കർമ്മങ്ങളെല്ലാം അവിടുന്ന് ഫലസമൃദ്ധങ്ങളാക്കും, ആനന്ദം കൊണ്ട് ഹൃദയം ഉല്ലാസഭരിതങ്ങളാക്കും... നന്മകൾ കൊണ്ട് ഹൃദയം നിറച്ച് കർമ്മനിരതരാവുന്നവരുടെ കർമ്മഫലം എത്രയോ മടങ്ങായി സ്വർഗ്ഗത്തിൽ നിന്നും താണിറങ്ങും! മാലാഖമാരെ അയച്ചു ജോസഫിന്റെ തിരക്കുകളിൽ ദൈവം സഹായിച്ചതുപോലെ; നമുക്കും നമ്മുടെ കർമ്മക്ഷേത്രങ്ങളിൽ കരുതലാവാൻ, കാവലാകാൻ, സഹായമാകാൻ മാലാഖമാരെ അയക്കും എന്ന ഉറപ്പ് ജോസഫിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. കർത്താവിന്റെ പ്രീതിക്കു പാത്രമായതിനാൽ ജനങ്ങൾ അദ്ദേഹത്തെ തന്റെ കൃത്യനിർവ്വഹണത്തിന്റെ ചാതുരിയിൽ അഭിനന്ദിച്ചിരുന്നു...നിഷ്കളങ്കതയുടെ നൈർമല്യം തന്റെ എല്ലാ പ്രവർത്തികളിലും നിറച്ചപ്പോൾ കഠിനാദ്ധ്വാനത്തിലും അതിന്റെ ഭാരം ജോസഫ് അറിഞ്ഞിരുന്നില്ല. നിഷ്കളങ്കരുടെ ഹൃദയമന്ത്രണം കേൾക്കുന്ന ദൈവം ജോസഫിനെ, തന്റെ ഓരോ പ്രവൃത്തികളിലും ആനന്ദ നിർവൃതി അനുഭവിക്കാൻ ഇടയാക്കി... നോവുകൾ അനുഭവങ്ങളാകുന്ന അവസ്ഥ... നൊമ്പരങ്ങൾ, ആനന്ദമാക്കാൻ ദൈവത്തിനെ സ്നേഹിച്ചു ശുശ്രൂഷിക്കുന്നവർക്കും കഴിയും.

ആനന്ദമാണ് ഏതൊരു മനുഷ്യന്റെയും സമ്പത്ത് നാം ചെയ്തു തീർക്കുന്ന ജോലികളിലെല്ലാം ആത്മീയതയുടെ അംശം ചേർക്കുമ്പോൾ, നമുക്ക് ആനന്ദം ഉണ്ടാകുന്നു. മുതലാളിത്ത സംസ്കാരത്തിന്റെ പണത്തിനോടുള്ള അഭിനിവേശം, തൊഴിൽ ചെയ്യുന്നുണ്ടെങ്കിലും, അതിന്റെ മഹാത്മ്യം നഷ്ടപ്പെടുത്തുന്നു. അതുകൊണ്ടാണ്തനതായതിനെ അന്വേഷിക്കാത്ത മുതലാളിത്ത സംസ്കാരം, ആത്മീയതയുടെ ചുവയില്ലാത്തതിനാൽ അധമ സംസ്കാരമായി തരംതാഴുന്നത്! ഒരു തൊഴിൽ സംസ്കാരമെന്നത്, തൊഴിൽ അത് ഏതായാലും ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലുള്ള പങ്കുചേരലാണ് എന്ന സത്യം മനസ്സിലാക്കി പ്രവർത്തിക്കുമ്പോഴാണ്; യശസ്സിലേക്കും, അന്തസ്സിലേക്കും ആഭിജാത്യത്തിലേക്കും നാം ഉയരുക! ഈ വ്യക്തമായ കാഴ്ചപ്പാടില്ലാതെ ജോലി ചെയ്യുന്ന ഏതൊരു വ്യക്തിയും അത് അമേരിക്കൻ പ്രസിഡന്റായാലും ഭാരതത്തിന്റെ പ്രഥമ പൗരനായാലും, വിശുദ്ധിയുടെ പടവുകൾ കയറുന്നതിനുപകരം അന്ധകാരത്തിലേക്ക് കൂപ്പുകുത്തുകയാണ് ചെയ്യുന്നത്! പ്രതിഫലമോ മനസ്സമാധാനം ഇല്ലാത്ത ഒരു ശൂന്യതാബോധം! ഇവിടെയാണ് യൗസേപ്പിതാവിന്റെ തൊഴിൽ സംസ്കാരം മാനവകുലത്തിന് മാതൃകയാവുന്നത്...!

ഇന്ത്യയിലെ കോടിക്കണക്കിന് പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് അന്നമൂട്ടുന്നതിനായി രാപകലില്ലാതെ പാടത്ത് പണിയെടുക്കുന്ന ഇന്ത്യയിലെ കർഷക വിഭാഗം അവരുടെ നിലനിൽപ്പിനും അവകാശ സംരക്ഷണത്തിനുമായി ജീവത്യാഗം ചെയ്തുപോലും നടത്തുന്ന സമരങ്ങളും ഇന്ന് തൊഴിൽ മേഖല നേരിടുന്ന പ്രശ്നങ്ങളും നമുക്ക് കണ്ടില്ലെന്ന് നടിക്കാനാവില്ല.

പ്രപഞ്ചം മുഴുവൻ സ്രഷ്ടാവിന്റെ ലീലാവിലാസത്തിൽ ആനന്ദിക്കുമ്പോൾ മനുഷ്യരായ നാമും ആ ലീല വിനോദത്തിൽ ആനന്ദിക്കേണ്ടതല്ലേ... സ്രഷ്ടാവിന്റെ കർമ്മനിരതയുടെ സംസ്കാരം ഹൃദയത്തിലേ



റ്റു വാങ്ങുമ്പോൾ അവിടെ അലസതക്ക് ഇടമില്ല. മറിച്ച് ആർജ്ജവത്വവും അന്തസ്സും ആനന്ദവുമാണ് നമ്മുടെ സിരകളിലൂടെ പ്രവഹിക്കുന്നത്. 'അലസ്സന്റെ മനസ്സ് പിശാചിന്റെ പണിപ്പുര എന്നതുപോലെ അദ്ധ്വാനിക്കുന്നവന്റെ മനസ്സ് സ്രഷ്ടാവിന്റെ പണിപ്പുര'യായി മാറുന്നു.

## വിധേയത്തിൽ ചാലിച്ച ശ്രവണം

അപ്രതീക്ഷിതമായിരുന്നു എല്ലാ അനുഭവങ്ങളും! എന്നിട്ടും മഹാമനസ്കതയോടെ എല്ലാത്തിനും വിധേയപ്പെട്ടു... ഗർഭിണിയായ മറിയത്തെ സ്വീകരിക്കുന്നതു മുതൽ തുടർന്നങ്ങോട്ടുള്ള ജീവിത പന്ഥാവുകൾ കാനേഷുകുമാരിക്ക് ഗർഭിണിയായ മറിയത്തെക്കൂടി

കൊണ്ടുപോയപ്പോൾ സഹയാത്രികരുടെ നിന്ദയും പരിഹാസവും ഉടനീളം സഹിച്ചുകാണണം. പ്രസവമടുത്തിരിക്കുന്ന മേരിയെ ഒരു ദീർഘയാത്രക്കായി കൊണ്ടുപോകുന്ന കരുതലില്ലാത്ത ദുഷ്ടൻ, അനുകമ്പയും സ്നേഹവുമില്ലാത്തവൻ എന്ന കുറ്റപ്പെടുത്തലുകൾ... എന്നാൽ ദൈവത്തോടുള്ള അഗാധമായ സ്നേഹത്തെ പ്രതി അദ്ദേഹം ഈ സന്ദർഭങ്ങളിൽ നിശബ്ദനായി. ആരോടും കയർത്തു സംസാരിക്കാതെ സഹനങ്ങൾ ദൈവസന്നിധിയിൽ സമർപ്പിച്ച് പരിഭവവും പരാതിയുമില്ലാതെ! നിന്ദിക്കുന്നവർക്കുവേണ്ടി ദിവ്യരക്ഷകനോട് പ്രാർത്ഥിച്ചിട്ടുണ്ടാവണം, ആത്മീയവും ഭൗതീകവുമായ കൃപകൾ അവർക്ക് നൽകിയനുഗ്രഹിക്കണമേയെന്ന്...

പ്രകൃതിയുടെ താഡനങ്ങളും യാത്രയുടെ ഒരു ഭാഗമായിരുന്നു. അതിശൈത്യവും മറ്റു ദുർഘടസാഹചര്യങ്ങളും മൂലം ദരിദ്രരായ യാത്രക്കാർക്ക് ഉണ്ടാകാറുള്ള ദുരിതങ്ങൾ...ഇനി ബെത്ലെഹമിൽ വളരെ ക്ഷീണിതനായി എത്തിയപ്പോഴോ ബന്ധുക്കളും സ്വ



ന്തക്കാരും കൈയ്യൊഴിയുന്ന അവസ്ഥ.ശരീരത്തിന്റെ ക്ഷീണമകറ്റാൻ ഒരിടംപോലും നിഷേധിക്കുന്നവർ... മാതാവിന്റെ സഹനവും സ്വന്തം കഷ്ടാരിഷ്ടതകളുടെയും നടുവിൽ ഒരിത്തിരി സ്വാന്ത്വനം അദ്ദേഹം കൊതിച്ചിട്ടുണ്ടാവണം...അല്ലെങ്കിലും ദരിദ്രരെ ആരാണ് സ്വഭവനത്തിൽ സ്വീകരിക്കുക.അങ്ങനെ നാട്ടുകാരാലും വീട്ടുകാരാലും അവഗണിക്കപ്പെടുന്ന അവസ്ഥ! ഈ അവസ്ഥയിലും യൗസേപ്പിതാവിന്റെ പെരുമാറ്റം നമ്മെ ആശ്ചര്യപ്പെടുത്തുന്നു. ദൈവമേ നീയെന്റെ മനസ്സിലെ ദു:ഖമറിഞ്ഞാൽ എന്തിനു സാന്ത്വനം വേറെ എന്ന പാട്ടിന്റെ ഈ രടികൾ പോലെ, ആരേയും ശപിക്കാതെ കുറ്റമാരോപിക്കാതെ മൗനിയായി ദൈവഹിതത്തിനു സ്വയം സമർപ്പിച്ചുകൊണ്ട് വഴിമാറിപ്പോകുന്ന യൗസേപ്പിതാവ്... ഈ മഹാമനസ്കതക്ക് പ്രത്യുത്തരമായി ദൈവം തന്റെ കൃപയാലും ശക്തിയാലും ജോസഫിനെ അനുഗ്രഹിച്ചു. ജീവിതയാത്രയിൽ ഒരു സൃഷ്ടിക്കും നമ്മെ തൃപ്തിപ്പെടുത്താനാവില്ലെന്നും, ദൈവാന്വേഷിയുടെ ദുർഘടപാതകളിൽ അവിടന്നു തരുന്ന കൃപ, സാന്ത്വനം, നൻമ, സഹനശക്തി, ആനന്ദം ഇവ സൃഷ്ടവസ്തുക്കളെക്കാൾ എത്രയോ ശ്രേഷ്ഠമാണെന്നും ജോസഫിന്റെ ജീവിതമാതൃക നമ്മുക്ക് പ്രചോദനമേകുന്നു!

സ്വന്തക്കാർ തങ്ങളെ അന്യരായി കണ്ടപ്പോഴും, മുട്ടിയ സകലയിടങ്ങളിലും നിഷേധം ഏറ്റുവാങ്ങിയപ്പോഴും, നാടുതെണ്ടിയായി ചിത്രീകരിച്ചപ്പോഴും അസമയത്ത് വീട്ടിൽ ഒളിഞ്ഞുനോക്കാൻ വന്നവൻ എന്ന പാവങ്ങളോടുള്ള സർവ്വസാധാരണമായ പ്രതികരണങ്ങൾ കേൾക്കേണ്ടിവന്നിട്ടും, നാനാനാട്ടിൽനിന്നും വന്ന സകലജനങ്ങൾക്കും താമസ സൗകര്യം ലഭിച്ചിട്ടും തങ്ങൾക്കത് ലഭിക്കാതെ പോയപ്പോൾ, ആരും അവരെ കാരുണ്യത്തിന്റെ പേരിൽ പോലും പരിഗണിക്കാതിരുന്നപ്പോഴും, ജോസഫ് പരാതി കൂടാതെ സഹിച്ചില്ലേ... ഈ സമർപ്പണജീവിതം തീർത്തും അനുകരണീയമാണ്... ഒരു ചെറിയ വിവാഹവേളയിൽ ക്ഷണം വന്നില്ലെങ്കിൽ നമ്മെ അവഗണിച്ചതിന്റെ പേരിൽ അവജ്ഞയോടെ നോക്കുന്ന, കുറ്റപ്പെടുത്തലുകളും ശകാരവാക്കുകളും പരിഭവങ്ങളും നമ്മുടെ നാവിൽ നിന്ന് അവസാനിക്കുന്നില്ല... ജീവിതയാത്രയിൽ നമ്മുടെ ഭാരം കൂട്ടുന്ന ഈ മാറാപ്പുകൾ ദൂരെയെറിഞ്ഞ് സ്വതന്ത്രമായ മനസ്സോടെ, ദൈവത്തിങ്കലേക്ക് ഒരു വിടർന്ന പുഷ്പത്തെപ്പോലെ മനസ്സു തുറന്നാൽ നമ്മുടെ ജീവിതവും നന്മകൾകൊണ്ട് സംതൃപ്തമാകും... കാരണം മനുഷ്യരല്ല നമ്മുടെ ആനന്ദത്തിനും തൃപ്തിക്കും കാരണം. മറിച്ച് ജീവിതത്തിൽ നമ്മുടെ മനോഭാവങ്ങളും, കാഴ്ചപ്പാടുകളും, ദൈവാഭിമുഖ്യവുമാണ്.

ജീവിതത്തിലെ ഓരോ പ്രതിസന്ധികളിലും ദൈവത്തിലേക്കുള്ള നമ്മുടെ തുറവിയാണ് എല്ലാറ്റിനും പരിഹാരം. ജോസഫ് ഇത് ചെയ്തതുകൊണ്ടാണ് അജയ്യനായത്. സൃഷ്ടികളിലേക്ക് ശ്രദ്ധ തിരിക്കാതെ സ്രഷ്ടാവിലേക്ക് നൊമ്പരങ്ങൾ ഉയർത്തിയപ്പോൾ ആത്മാവിൽ ഒരു സങ്കീർത്തനം പാടാൻ ദൈവം ജോസഫിനെ അനുഗ്രഹിച്ചു. ആ സംഗീത മാധുരിയിൽ മാതാവിനോടും ജോസഫിനോടൊപ്പം ദൈവവും പങ്കുചേർന്നു. അങ്ങനെയാണ് ആ കുടുംബം തിരുകുടുംബമായത്. ദൈവത്തോട് ഒപ്പം ചേർന്നുള്ള പ്രവർത്തികളാണ് ഓരോ കുടുംബത്തെയും തിരുകുടുംബങ്ങൾ ആക്കി മാറ്റുന്നത്.

ടാഗോർ പറഞ്ഞത് ജോസഫിന്റെ ജീവിതത്തിലേക്ക് നോക്കുമ്പോൾ തീർത്തും അന്വർത്ഥമാണ്. അദ്ദേഹത്തിന്റെ ഹൃദയമന്ത്രണം പോലെ.. 'അങ്ങേക്ക് എന്നോടുള്ള സന്തോഷം അപാരമായ ഒന്നാണ്. അതുകൊണ്ടാണ് അങ്ങ് താഴെ ഇറങ്ങിവന്നിരിക്കുന്നത് ഞങ്ങളിൽ ഒരുവനായി, മനുഷ്യനായി.'എന്നെക്കൂടി കൂട്ടികൊണ്ടുപോയിട്ടാണ് ഈ ഉത്സവങ്ങൾ എല്ലാം അങ്ങ് ആഘോഷിക്കുന്നത്'. എന്നിട്ടും ഞാനതറിയുന്നില്ല... 'അങ്ങയുടെ ലീലാവിലാസങ്ങൾ എന്റെ ഹൃദയത്തിൽ വ്യാപരിക്കുന്ന അങ്ങയുടെ ഇച്ഛാശക്തി നാനാരൂപം ധരിച്ച് എന്റെ ജീവിതത്തിൽ തരംഗങ്ങൾ സൃഷ്ടിക്കുന്ന രാജാധിരാജനായ അങ്ങ് എന്റെ തൃപ്തിക്കുവേണ്ടി പലവേഷങ്ങളും കെട്ടിനടക്കുന്നു. എപ്പോഴും ഉണർന്നിരിക്കുന്നു. അതുകൊണ്ടാണ് പ്രഭോ അങ്ങ് താഴേക്ക് ഇറങ്ങി വന്നിരിക്കുന്നത്. അങ്ങയുടെ പ്രേമം ഭക്തനായ എന്റെ പ്രേമത്തിൽ അലിഞ്ഞു ചേരുന്നു...' ജോസഫിന്റെ ഈ ദൈവാഭിമുഖ്യം നമ്മുടെ എല്ലാ തൊഴിൽ മേഖലകളിലും അനുദിന ജീവിത സാഹചര്യങ്ങളിലും അനുവർത്തിക്കാനായാൽ ജീവിത വിജയം നേടാനാകും എന്നതിൽ തർക്കമില്ല. ■

ഈ രാജ്യത്തെ മുഴുവൻ പൗരന്മാരുടെയും പ്രതീക്ഷകളും സ്വപ്നങ്ങളുമാണ് ഭരണഘടന. ഓരോ ഇന്ത്യക്കാരന്റെയും അന്തസ്സും, അഭിമാനവും ഉയർത്തുന്ന ഭരണഘടനയുടെ അടിത്തറയായ ജനാധിപത്യവും മതേതരത്വവും, സമത്വവും സാഹോദര്യവും, സ്വാതന്ത്ര്യവും വലിയ വെല്ലുവിളി നേരിടുകയാണ്. മേൽപ്പറഞ്ഞ മൂല്യങ്ങൾ തകിടം മറിക്കാതിരിക്കാൻ നവതലമുറ ജാഗ്രതയാകണം.

# നല്ലൊരു ഭാവിക്കായി നമുക്ക് സ്വപ്നം കാണാം

ഫാ. യൂജിൻ എച്ച്. പെരേര

നമ്മുടെ രാജ്യം വലിയ പ്രതിസന്ധിയിലൂടെ കടന്നുപോവുകയാണ്. വൈവിധ്യങ്ങളുടെ വിളനിലമായ ഇന്ത്യ, ധ്രുതഗതിയിൽ അധികാര കേന്ദ്രീകരണത്തിലേക്കും എതിർശബ്ദങ്ങളെ ഇല്ലായ്മ ചെയ്യുന്ന പ്രവർത്തനങ്ങളിലേക്കും വഴുതിക്കൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ അന്നദാതാക്കളായ കർഷകർക്കെതിരേ നടക്കുന്ന നടപടികളിലെ ജനാധിപത്യ വിരുദ്ധത പ്രകടമാണ്. ഭീമാ ഗെരേഗാവ് കേസിൽ ജയിലിലിലടയ്ക്കപ്പെട്ട ഫാ. സ്റ്റാൻ സാമി ഉൾപ്പെടെ, വിചാരണ പോലും ആരംഭിക്കാതെ തുറുങ്കുകളിലടയ്ക്കപ്പെട്ടവരുടെ കാര്യത്തിൽ നടന്ന ക്രിത്രിമ ഇടപെടലുകളെക്കുറിച്ചുള്ള വിവരങ്ങൾ പുറത്തുവന്നുകഴിഞ്ഞു.

ഈ കാലത്തെ കവി സച്ചിദാനൻ വിശേഷിപ്പിക്കുന്നത്,
ഇതൊരു തുറുകണ്ണൻ സമയമാണ്,
ഇതൊരു പ്രേതമുഹൂർത്തമാണ്" എന്നാണ്.

ഈ സന്ദർഭത്തിലാണ് രാജ്യത്തെ അഞ്ച് സംസ്ഥാനങ്ങൾ അസം, ബംഗാൾ, തമിഴ്നാട്, പുതുച്ചേരി, കേരളം - ജനവിധിക്കായി ഒരുങ്ങുന്നത്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യയിൽ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച്, തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകളോടും കൈക്കൊള്ളുന്ന സമീപനങ്ങൾ വലിയ വെല്ലുവിളിയായി കഴിഞ്ഞു. വിദേശാധിപത്യത്തിൽ നിന്നും നമ്മുടെ രാജ്യത്തെ സ്വതന്ത്രമാക്കാൻ 1857 മുതൽ നടന്ന സഹന സമരങ്ങളും, ജീവത്യാഗങ്ങളും എന്നും നെഞ്ചിലേറ്റുന്നവരാണ് ഇന്ത്യക്കാർ. മഹാത്മജിയുടെ അഹിംസാവഴികളും, നേതാജിയുടെ കടുത്ത നിലപാടുകളും ഇന്ത്യൻ സ്വാതന്ത്ര്യത്തിന് വഴിയൊരുക്കി. സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി

ജവഹർലാൽ നെഹ്റു സ്വീകരിച്ച വിശാല മനോഭാവമാണ് ഇന്ത്യൻ ഭരണഘടനയുടെ മതേതര, ജനാധിപത്യ മൂല്യങ്ങളുടെ ആണിക്കല്ല്. ഡോ. ബി. ആർ. അംബേദ്കറിന്റെ കടുത്ത നിലപാടുകൾ ഇന്ത്യയിലെ പാർശ്വവൽക്കരിക്കപ്പെട്ട ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടെ അവകാശങ്ങൾ പരിരക്ഷിക്കുന്നതിൽ സമാനതകളില്ലാത്ത വഴിത്തിരിവായി.

സ്വതന്ത്ര ഇന്ത്യയിൽ ജനാധിപത്യത്തിന്റെ കാവൽ ഭടന്മാരായി പൗര സമൂഹത്തെ ഉയർത്തിക്കൊണ്ടാണ്, വീ ദി പീപ്പിൾ ഓഫ് ഇന്ത്യ എന്ന മുദ്രാവാക്യത്തോടെ ലോകത്തിലെ ഏറ്റവും വലിയ ലിഖിത ഭരണഘടനയ്ക്ക് രൂപം നൽകിയത്. ഈ രാജ്യത്തെ മുഴുവൻ പൗരന്മാരുടെയും പ്രതീക്ഷകളും സ്വപ്നങ്ങളുമാണ് ഭരണഘടന. ഓരോ ഇന്ത്യക്കാരന്റെയും അന്തസ്സും, അഭിമാനവും ഉയർത്തുന്ന ഭരണഘടനയുടെ അടിത്തറയായ ജനാധിപത്യവും മതേതരത്വവും, സമത്വവും സാഹോദര്യവും, സ്വാതന്ത്ര്യവും വലിയ വെല്ലുവിളി നേരിടുകയാണ്. മേൽപ്പറഞ്ഞ മൂല്യങ്ങൾ തകിടം മറിക്കാതിരിക്കാൻ നവതലമുറ ജാഗ്രതയാകണം. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുമേൽ കോടാലി വയ്ക്കപ്പെടുന്ന സന്ദർഭത്തിലാണ് ജയപ്രകാശ് നാരായണൻ 'സമ്പൂർണ വിപ്ലവം' എന്ന മുദ്രാവാക്യമുയർത്തി കടന്നുവന്നത്. രാജ്യത്താകമാനം അലയടിച്ചുയർന്ന ജനകീയ വികാരത്തിന്റെ ഫലമാണ്, സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ മൊറാർജി ദേശായിയുടെ നേതൃത്വത്തിൽ കോൺഗ്രസിതര സർക്കാർ രൂപപ്പെട്ടത്. ഈ സർക്കാരാണ് 1979 ൽ ബി.പി. മണ്ഡൽ ചെയർമാനായി പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹ്യ-വിദ്യാഭ്യാസ സ്ഥിതി പഠിക്കാനായുള്ള കമ്മീഷനെ നിയോഗിച്ചത്. കമ്മീഷൻ 1980 ൽ റിപ്പോർട്ട് സമർപ്പിച്ചെങ്കിലും സർക്കാർ വീഴുകയും റിപ്പോർട്ട് തമസ്കരിക്കപ്പെടുകയും ചെയ്തു.

അങ്ങനെ പിന്നോക്ക വിഭാഗങ്ങളെക്കുറിച്ച് പഠിച്ച 2-ാം റിപ്പോർട്ടും ഭരണത്തിന്റെ ഇടനാഴികളിൽ ഒരു ദശാബ്ദക്കാലം കുടുങ്ങിപ്പോയി. എന്നാൽ പിന്നോക്ക ജനങ്ങളുടെ ഉദ്ധാരകൻ എന്നറിയപ്പെടുന്ന വി.പി.സിംഗ് ചെപ്പിലൊതുക്കിയ ഭൂതത്തെ തുറന്നുവിട്ടു. ഇതിന്റെ ഫലമായി രാജ്യവ്യാപകമായി ഉണ്ടായ പിന്നോക്കക്കാരുടെയും ദളിതരുടെയും, ആദിവാസികളുടെയും പാർശ്വവൽക്കരിക്കപ്പെട്ട, ജനങ്ങളുടെയും ഉയർത്തെഴുന്നേൽപ്പിന്റെ ഫലമായാണ് ബിഹാറിലും ഉത്തർപ്രദേശിലും ഉൾപ്പെടെ ഭരണമാറ്റമുണ്ടായത്.

ഇന്ന് രാജ്യത്ത് ദൈനംദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന നയവ്യതിയാനങ്ങൾ അടിസ്ഥാന ജനവിഭാഗങ്ങളുടെ നിലനിൽപ്പ് തന്നെ അപകടത്തിലാക്കുന്ന സ്ഥിതിയിലേക്ക് വളർന്നുകഴിഞ്ഞു. മന്ദിർമാർക്കറ്റ്, മണ്ഡൽ തന്ത്രങ്ങളിലൂടെ വർഗീയ വിഷം ചീറ്റുവാനും, കർഷകരെയും, മത്സ്യത്തൊഴിലാളികളെയും, അടിസ്ഥാന ജനവിഭാഗങ്ങളെയും ഉന്മൂലനം ചെയ്യാനുതകുന്ന നയങ്ങളും നിയമനിർമ്മാണവുമായാണ് ഭരണകൂടം മുന്നോട്ടുപോകുന്നത്. കർഷക നിയമങ്ങൾക്ക് പിന്നാലെ പ്രഖ്യാപിച്ച കരട്, ദേശീയ മത്സ്യനയം 2019-20, ബ്ലൂ ഇക്കോണമി നയം 2021 ഉം മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ നിലനില്പിന് തന്നെ ഭീഷണിയാണ്. മണ്ഡൽ കമ്മിഷന്റെ അന്തസ്സത്ത ചോർത്തിക്കളയുക എന്ന ലക്ഷ്യത്തോടെയാണ് 2017 ൽ രോഹിണി കമ്മിഷനെ നിയോഗിച്ചിരിക്കുന്നത്.

മണ്ഡൽകമ്മിഷൻ മുന്നോട്ടുവയ്ക്കുന്ന, ഭരണ തീരുമാനമെടുക്കൽ പ്രക്രിയകളിലെ പിന്നോക്ക, ദളിത്, ആദിവാസി, വനിത വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതും ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന ഉറപ്പുവരുത്തുന്ന സംരക്ഷണം ലഭ്യമാകുന്നതുമായ ഒരു ഭരണക്രമമാണ് രൂപപ്പെടേണ്ടത്. ഇതിലേക്ക് നയിക്കുന്ന കൂട്ടായ്മകൾ രൂപപ്പെടുത്തുവാൻ ഈ രാജ്യത്തെ മുഴുവൻ ജനാധിപത്യ വിശ്വാസികൾക്കും കഴിയണം. ഇവിടെയാണ് "നല്ലൊരു ഭാവിക്കായി നമുക്ക് സ്വപ്നം കാണാം." എന്ന പുസ്തകത്തിലൂടെയും "സർവ്വരും സഹോദരങ്ങൾ" എന്ന ചാക്രിക ലേഖനത്തിലൂടെയും ഫ്രാൻസിസ് പാപ്പാ മാനവരാശിയുടെ മുന്നിൽ കോവിഡാനന്തര കാലത്ത് നവമായ ഒരു ലോകം സൃഷ്ടിക്കാൻ തന്റേടം കാണിക്കണമെന്ന് ഉത്ബോധിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ പറഞ്ഞാൽ, "സൃഷ്ടിയുടെ ഫലങ്ങളും, മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളും ആയ ഭൂമി, പാർപ്പിടം തൊഴിൽ എന്നിവ എല്ലാവർക്കും ലഭ്യമാകുന്ന സാമ്പത്തിക ക്രമവും, ദരിദ്രരുടെയും പുറന്തള്ളപ്പെട്ടവരുടെയും, പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ജീവിതത്തെ ബാധിക്കുന്നവയെ കുറിച്ച് കേൾക്കുന്ന രാഷ്ട്രീയ ക്രമവും ഉണ്ടാകേണ്ടതുണ്ട്. നമുക്കല്പം സാവകാശമാകാം. കണക്കുകളെടുക്കാം, ഈ ലോകത്ത് എല്ലാവരും ഒത്തൊരുമിച്ച് ജീവിക്കാനായി മെച്ചപ്പെട്ട ജീവിതക്രമം പടുത്തുയർത്താൻ പരിശ്രമിക്കാം." ■

**നിത്യതയിൽ 21 വർഷം**



**പി. സാറ**


**മരണം: 17.3.2000**

പുതിയതുറ.

അകാലത്തിൽ പൊലിഞ്ഞുപോയ
പുണ്യാത്മാവിന് നിത്യശാന്തി നേരുന്നു

*- സന്തപ്തകുടുംബാംഗങ്ങൾ*

**രണ്ടാം ചരമവാർഷികം**



**വറീത് പത്രോസ്**

**മരണം: 15.4.2019**

പുതിയതുറ.

ഞാൻ നന്നായി പൊരുതി എന്റെ ഓട്ടം പൂർത്തിയാക്കി, വിശ്വാസം കാത്തു. എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു. നീതിപൂർവ്വം വിധിക്കുന്ന കർത്താവ് ആ ദിവസം അത് എനിക്ക് സമ്മാനിക്കും." (2 തീമോ 4: 7, 8)

*- സന്തപ്തകുടുംബാംഗങ്ങൾ*



# ഒരു മരത്തിലെ നാല് ചില്ലകൾ

**ഫാ. ഇമ്മാനുവേൽ**

**ലോ**കത്തുള്ള പക്ഷികളെല്ലാം ഒരിടത്തു ഒന്നിച്ചുകൂടി. എല്ലാ ജീവിവർഗ്ഗത്തിനും രാജാക്കൻമാരുണ്ട്. എന്നാൽ പക്ഷികളായ തങ്ങൾക്കുമാത്രം ഒരു രാജാവില്ല എന്നതായിരുന്നു പ്രശ്നം. ചർച്ച മുറുകിയപ്പോൾ ജ്ഞാനിയായ ഹൂദ് പക്ഷി പറഞ്ഞു: എല്ലാവരേയുംപോലെ നമുക്കും ഒരു രാജാവുണ്ട്. അവൻ നമ്മുടെ അടുത്ത് തന്നെയുണ്ട്. എന്നാൽ നാം വളരെ അകലെയാണ്. അതിനാലാണ് നമുക്ക് അവനെ കാണാനാവാത്തത്. അവൻ നമ്മുടെ ഹൃദയത്തോട് ചേർന്ന് ഹൃദയം തന്നെയായി വസിക്കുന്നുണ്ട്. നാമതറിയുന്നില്ല; അനുഭവിക്കുന്നില്ല.

### ഓശാനയിൽ മുഴങ്ങുന്ന രാജധ്വനികൾ

ഒന്ന്, ശത്രുവിനെ തോല്പിച്ചവന് നല്കുന്ന വരവേല്പ്പ് മരണത്തെ കീഴടക്കിയവന് നല്കുകയാണിവിടെ. മരണത്തെ വിജയം ഗ്രസിച്ചു എന്നെഴുതപ്പെട്ടത് സാർത്ഥമാകുംവിധം അവർ ഒലിവുചില്ലകളേന്തി ക്രിസ്തുവിനെ വരവേറ്റു മരണമേ, നിന്റെ വിജയം എവിടെ? മരണമേ, നിന്റെ ദംശനം എവിടെ? (1 കോറി 15:55).

രണ്ട്, സമാധാനത്തിന്റെ രാജകുമാരൻ എഴുന്നള്ളുന്നു. അതും കഴുതപ്പുറത്ത്. സഖറിയാ പ്രവാചകന്റെ വചനം പൂർത്തിയാക്കി സമാധാനത്തിന്റെ സന്ദേശവുമായി വരുകയാണ് ക്രിസ്തു 'നിന്റെ രാജാവ് കഴുതപ്പുറത്ത് വരുന്നു' (സഖറി 9:9).

മൂന്ന്, തങ്ങളെ രക്ഷിക്കാൻവേണ്ടി ഭൂമിയിൽ ഒരു രാജാവിനെ പ്രതീക്ഷിച്ചിരുന്നവർക്ക് ലഭിച്ചത് സ്വർഗ്ഗീയ രാജാവിനെയാണ്. അവരുടെ നിലവിളികളിൽ ഹോസാന മുഴങ്ങി. യേശു കർത്താവാണെന്ന് അധരം കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും എന്ന് റോമ 10:9. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹീതൻ (സങ്കീ 118:26).

നാല്, കർത്താവിന്റെ സന്ദർശന ദിനം അറിയാത്ത

തുകൊണ്ട് പട്ടണം നശിപ്പിക്കപ്പെടും എന്നോർത്തു യേശു വിലപിക്കുന്നുണ്ട്. സമാധാനത്തിന്റെ സന്ധിയിൽ ഒപ്പിടാൻ വിസമ്മതിക്കുന്ന ഇവർക്ക് സംഭവിക്കാൻ പോകുന്നത്-

ശത്രുക്കൾ ചുറ്റും പാളയമടിക്കും

പ്രസവിച്ചു വളർത്തിയ മക്കളെ അവർ നശിപ്പിക്കും


ദൈവാലയം കല്ലിൻമേൽ കല്ല് ശേഷിക്കാതെ കൂപ്പു കുത്തും (ലൂക്കാ 19:41-44).

അഞ്ച്, ഇന്നത്തെ മനുഷ്യൻ അപരനോടു യുദ്ധം ചെയ്യാൻ പദ്ധതികൾ മെനയുന്നു. എന്നാൽ, ദൈവത്തിന്റെ പദ്ധതി മരണത്തിൻമേലുള്ള വിജയമായിരുന്നു. ഞാനാണ് പുനരുത്ഥാനവും ജീവനും (യോഹ 11:25). യഥാർത്ഥ യുദ്ധം ജീവനും മരണവുമാണ്.

മരച്ചില്ലകളേന്തി പ്രദക്ഷിണം തുടങ്ങുവിൻ;
ബലിപീഠത്തിങ്കലേക്കു നീങ്ങുവിൻ!
മിണ്ടാട്ടങ്ങൾ മിഴിവെട്ടമാകുന്ന അത്താഴം

## അന്നം ആനന്ദമാണ്

ഒരു വിരുന്ന് നടക്കുമ്പോഴായിരിക്കണം ഖലിൽ ജിബ്രാൻ പറയുന്നത്: ഒരു മൃഗത്തെ കൊല്ലുമ്പോൾ നിങ്ങളുടെ ഹൃദയത്തിൽ അതിനോടു പറയുക: 'നിന്നെ കൊല്ലുന്ന അതേ ശക്തിയാൽ ഞാനും കൊല്ലപ്പെടും; ഭക്ഷിക്കപ്പെടുകയും ചെയ്യും. കാരണം, നിന്നെ എന്റെ കരങ്ങളിലേല്പിച്ച നിയമം എന്നെയും വേറെ ശക്തമായ കരങ്ങളിൽ വച്ചുകൊടുക്കും. സ്വർഗ്ഗത്തിലെ വൃക്ഷങ്ങളെ പോറ്റുന്ന ജീവരസം എന്റെയും നിന്റെയും രക്തമാകുന്നു.'



ഉടലും ഉയിരും നല്കാൻ ഒരു വിരുന്നുകൂടി ആഘോഷിക്കപ്പെടണം. അവിടെയാണ് യഹൂദരുടെ ആചാരമനുസരിച്ച് യജമാനൻ ദാസനാകുന്നത്.

ഉൽപ 18:4

മാമ്രേയുടെ ഓക്കുമരത്തോപ്പിനു സമീപം അബ്രാഹത്തിന്റെ പക്കലേക്കു പ്രത്യക്ഷരായ മൂന്നാളുകളുടെ കാലു കഴുകാൻ കുറച്ചുവെള്ളം കൊണ്ടുവരട്ടെയെന്ന് ചോദിക്കുന്ന വിശ്വാസികളുടെ പിതാവ്.

ഉൽപ 19:1,2

സോദോമിൽ ലോത്ത് നഗരവാതിൽക്കൽ ഇരിക്കുമ്പോൾ രണ്ട് ദൂതൻമാരെക്കണ്ട് അവരെ വണങ്ങി കാൽ കഴുകി രാത്രി തങ്ങാൻ അവരോട് അഭ്യർത്ഥിക്കുന്നു.

ജോബ് 29:5,6

ജോബിന്റെ പ്രാർത്ഥനയിൽ വായിക്കുന്നുണ്ട്: എന്റെ സന്താനങ്ങൾ എനിക്ക് ചുറ്റും ഉണ്ടായിരുന്നു. എന്റെ പാദങ്ങൾ പാലുകൊണ്ട് കഴുകി.

ലൂക്കാ 7: 44

യേശു മൊഴിയുന്നുണ്ടല്ലോ - ഞാൻ നിന്റെ വീട്ടിൽ വന്നു; കാലു കഴുകുവാൻ നീ എനിക്ക് വെള്ളം തന്നില്ല. എന്നാൽ, ഇവൾ കണ്ണീരുകൊണ്ട് എന്റെ കാലുകഴുകുകയും തലമുടി കൊണ്ട് തുടയ്ക്കുകയും ചെയ്തു.

അന്നം ആനന്ദമാകാൻ പാദങ്ങൾ കഴുകണം;
വിരുന്ന് വിശ്വാസമാകാൻ വിശുദ്ധിയെ പുൽകണം

## നഷ്ടങ്ങളെ ശിഷ്ടങ്ങളാക്കിയ കുരിശ്

ഏദൻതോട്ടത്തിലെ വൃക്ഷത്തിൽ സാത്താൻ വിഹരിച്ചപ്പോൾ ആ വൃക്ഷം മരണവൃക്ഷമായിത്തീർന്നു. എന്നാൽ, ഗോൽഗോഥായിലെ മരത്തിൽ ദൈവപുത്രൻ തലചായ്ച്ചപ്പോൾ ആ മരം ജീവന്റെ മരമായി മാറി. ക്രൂശിതന്റെ വിലാവിൽ നിന്നും ഒഴുകിയ ജലത്തെ ജ്ഞാനസ്നാനമെന്നും; രക്തത്തെ കുർബാനയെന്നും വ്യാഖ്യാനിച്ചത് വി.ജോൺ ക്രിസോസ്റ്റമാണ്. ക്രിസ്തു തന്റെ തിരുരക്തത്താലും വിശുദ്ധീകരണ ജലത്താലും തിരുസഭയ്ക്ക് ജന്മമേകിയെന്ന് സഭാപിതാവായ ഒരിജൻ വാചാലനായി. കുരിശ് പൂർണ്ണമായ സ്നേഹത്തിന്റെയും അനുതാപത്തിന്റെയും അടയാളമാണെന്ന് വി. തോമസ് അക്വീനാസ് പറയുന്നുണ്ട്.

പഴയനിയമത്തിൽ, ആദം ഉണരുംമുമ്പേ അവന്റെ വാരിയെല്ലിൽ നിന്നും ഹവ്വ ഉയിർകൊണ്ടതുപോലെ പുതിയനിയമത്തിൽ, കുരിശിൽ യേശു മിഴികൾ പൂട്ടിയ നേരമാണ് സഭ ഉരുവാകുന്നത്. ഇത് ഒരു മംഗല്യ ദർശനമാണ്.

**തങ്ങളെ രക്ഷിക്കാൻവേണ്ടി ഭൂമിയിൽ ഒരു രാജാവിനെ പ്രതീക്ഷിച്ചിരുന്നവർക്ക് ലഭിച്ചത് സ്വർഗ്ഗീയ രാജാവിനെയാണ്. അവരുടെ നിലവിളികളിൽ ഹോസാന മുഴങ്ങി. യേശു കർത്താവാണെന്ന് അധരം കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും**

പഴയനിയമത്തിൽ, അനുസരണക്കേടിന് ആദം കൊടുക്കേണ്ടിവന്ന വിലയാണ് പറുദീസ നഷ്ടമായ അനുഭവം; എന്നാൽ; പുതിയനിയമത്തിൽ, അനുസരണത്തിലൂടെ ക്രിസ്തു വീണ്ടും പറുദീസയുടെ വാതായനങ്ങൾ മലർക്കെ തുറന്നു തന്നു. കുരിശിലെ രക്ഷകനെ നോക്കി ഇങ്ങനെ പ്രാർത്ഥിക്കാനാകുമോ–

നിന്റെ മുഖം ഞാനൊന്നു കാണട്ടെ; ഞാൻ നിന്റെ സ്വരമൊന്നു കേൾക്കട്ടെ

നിന്റെ സ്വരം മധുരമാണ്; നിന്റെ മുഖം മനോഹരമാണ്.

ഓർക്കുക: കിരീടം അണിയിക്കുന്നവർ
ഒരിക്കൽ നിങ്ങളെ കുരിശിൽ തറയ്ക്കും!

## തുറക്കപ്പെട്ട കല്ലറയാണ് ഉയിർപ്പ്

മഹത്വീകരിക്കപ്പെട്ട ശരീരത്തിന്റെ പ്രത്യേകതകളാണ് യേശുവിന്റെ ഉത്ഥാനം പഠിപ്പിക്കുന്നത്.

ഉത്ഥാനം ചെയ്ത ശരീരത്തിന്റെ ആദ്യത്തെ പ്രത്യേകത സൂക്ഷമതയാണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തു മുദ്ര വച്ച കല്ലറയിൽ നിന്ന് വെളിയിൽ വന്നതുപോലെ വാതിൽ അടച്ചിരുന്ന ശിഷ്യൻമാരുടെ പക്കലേക്ക് ഉത്ഥിതനായവൻ എത്തിയതുപോലെ സൂര്യ രശ്മികൾ കണ്ണാടിയിലേക്ക് പ്രതിഫലിക്കുകയും എന്നാൽ, കണ്ണാടിക്ക് പോറലേല്ക്കാത്തതുപോലെയുമാണ് ഈ സൂക്ഷ്മാവസ്ഥ.

മഹത്വീകരിക്കപ്പെട്ട ശരീരത്തിന്റെ രണ്ടാമത്തെ പ്രത്യേകത ലഘുത്വമാണ്. ജ്ഞാനത്തിന്റെ പുസ്തകത്തിൽ (3:6) ഉലയിൽ സ്വർണ്ണമെന്നപോലെ അവിടുന്ന് അവരെ ശോധന ചെയ്ത് ദഹനബലിയായി സ്വീകരിച്ചുവെന്ന് വായിക്കുമ്പോൾ ശരീരം ഭാരമില്ലാത്ത ഒന്നായിത്തീരുന്നു.

മഹത്വീകരിക്കപ്പെട്ട ശരീരത്തിന്റെ മൂന്നാമത്തെ പ്രത്യേകത ദീപ്തമായിരിക്കും. മത്തായി 13:43 ൽ വായിക്കുന്നുണ്ട്: നീതിമാൻമാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രശോഭിക്കുമെന്ന്. മനുഷ്യൻ ജീവിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. അതുകൊണ്ട്, അവിടുന്ന് വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ്. പ്രത്യാശ വചനങ്ങളിലുള്ള വിശ്വാസം ഉത്ഥാനത്തിന്റെ മഹത്വത്തെ പ്രകീർത്തിക്കുന്നു.

നിങ്ങൾ ഒപ്പമുണ്ടായിരുന്നിട്ടും ഞാൻ ഒറ്റയ്ക്കു പോകുന്ന യാത്രയാണ് മരണം

നിങ്ങളുടെ പ്രതീക്ഷകളിൽ നിറയുന്ന എന്റെ തിരിച്ചുവരവുകളാണ് ഉയിർപ്പ്!

ജീവിതം ഒരു വൃക്ഷമാണെങ്കിൽ അതിലെ നാല് വ്യത്യസ്ത ചില്ലകളാണ് ഓശാനയും പെസഹാവ്യാഴവും ദുഃഖ വെള്ളിയും ഉയിർപ്പും. ഓശാനകൾ രാജധ്വനികൾ ഉദ്ഘോഷിക്കുമ്പോൾ അന്ത്യഅത്താഴം വേർപാടിന്റെ വേദനകൾ പാടുന്നു. ദുഃഖ വെള്ളിയിൽ മരണത്തിന്റെ മണിനാദം മുഴങ്ങുമ്പോൾ ഉത്ഥാനത്തിൽ ജീവന്റെ പ്രഭാതം പൂവിടുന്നു. ■

**നിങ്ങൾ ഒപ്പമുണ്ടായിരുന്നിട്ടും ഞാൻ ഒറ്റയ്ക്കു പോകുന്ന യാത്രയാണ് മരണം നിങ്ങളുടെ പ്രതീക്ഷകളിൽ നിറയുന്ന എന്റെ തിരിച്ചുവരവുകളാണ് ഉയിർപ്പ്!**



# നൽകാൻ എന്തുണ്ട്?



**ഒരു യുവാവ് യുവതിയെ വിവാഹം കഴിക്കുമ്പോൾ ആ യുവാവ് ഇനി ജീവിക്കേണ്ടത് യുവതിയ്ക്കും യുവതിയുടെ സന്തോഷത്തിനും വേണ്ടിയാണ്, തിരിച്ചും. എന്നാൽ വിവാഹിതനായിട്ടും ഒരു പുരുഷൻ തന്റെ ഭാര്യയുടെയും മക്കളുടെയും സുഖത്തേയും സുരക്ഷിതത്വത്തെയും ആനന്ദത്തേയുംകാൾ തന്റെ സുഖവും സുരക്ഷിതത്വവും സന്തോഷവും തേടി പോകുന്നുവെങ്കിൽ അയാൾ വിവാഹിതനായി തുടരും. എന്നാൽ വിശ്വസ്ഥനായിരിക്കില്ല.**

**ഫാ. ഡോ. എ.ആർ. ജോൺ**

അഞ്ച് കൂദാശകൾ നാം സ്വീകരിക്കുന്നത് നമുക്കുവേണ്ടിയാണ്. എന്നാൽ രണ്ട് കൂദാശകൾ നാം സ്വീകരിക്കുന്നത് മറ്റുള്ളവർക്കുവേണ്ടിയാണ്; പൗരോഹിത്യവും വിവാഹവും. ഒരു പുരോഹിതൻ പുരോഹിതനാകുന്നത് തനിക്കുവേണ്ടയല്ല. ഒരു വിശ്വാസ സമൂഹത്തിനുവേണ്ടിയാണ്. എന്നാൽ മറ്റുള്ളവരുടെ നന്മയ്ക്കും വിശുദ്ധിയുടെയും വിശ്വാസത്തിന്റെയും പരിപോഷണത്തിനും വേണ്ടി പ്രവർത്തിക്കേണ്ട, ജീവിക്കേണ്ട പുരോഹിതൻ എന്നുമുതലാണോ തന്റെ വായ്ക്കും വയറിനും മഹത്വത്തിനും പ്രൗഢിക്കും വേണ്ടി ജീവിക്കുന്നത് അന്ന് മുതൽ അദ്ദേഹത്തിന്റെ പൗരോഹിത്യത്തിന്റെ ഭംഗിയും സൗന്ദര്യവും മങ്ങും. എങ്കിലും അദ്ദേഹം പുരോഹിതനായി തുടരും.

സമാനമാണ് വിവാഹവും. ഒരു യുവാവ് യുവതിയെ വിവാഹം കഴിക്കുമ്പോൾ ആ യുവാവ് ഇനി ജീവിക്കേണ്ടത് യുവതിയ്ക്കും യുവതിയുടെ സന്തോഷത്തിനും വേണ്ടിയാണ്, തിരിച്ചും. എന്നാൽ വിവാഹിതനായിട്ടും ഒരു പുരുഷൻ തന്റെ ഭാര്യയുടെയും മക്കളുടെയും സുഖത്തേയും സുരക്ഷിതത്വത്തെയും ആനന്ദത്തേയുംകാൾ തന്റെ സുഖവും സുരക്ഷിതത്വവും സന്തോഷവും തേടി പോകുന്നുവെങ്കിൽ അയാൾ വിവാഹിതനായി തുടരും. എന്നാൽ വിശ്വസ്ഥനായിരിക്കില്ല. ഭാര്യയുടെ ആനന്ദം ഭർത്താവിന്റെയും കുഞ്ഞുങ്ങളുടേതുമായിരിക്കണം. ഭർത്താവിന് വിശപ്പ് തോന്നുന്നെങ്കിൽ എന്റെ ഭാര്യയും കുഞ്ഞുങ്ങളും കഴിച്ചിട്ടുണ്ടാകുമോ എന്നായാനുള്ള ശാരീരിക ലക്ഷണമാണത്. അതെ, വിവാഹം മറ്റുള്ളവർക്കായി ജീവിക്കാനുള്ള ഒരു ദൈവീകപദ്ധതിയാണ്, ഒപ്പം ഉടമ്പടിയും.

വിവാഹം ഈ അർഥത്തിൽ നൽകാനുള്ള കൂദാശയാണ്. സ്വപ്നങ്ങളോടും ഏറെ പ്രതീക്ഷയോടും വിവാഹത്തിൽ പ്രവേശിക്കുന്നവർക്ക് ഒരു കുറവുണ്ട്. അവരുടെ സ്വപ്നത്തിന്റെയും പ്രതീക്ഷയുടെയും പിന്നിൽ എനിക്ക് എന്തുകിട്ടും എന്നതാണ്, എനിക്ക് എന്ത് നൽകാനാവും എന്നതിനേക്കാൾ പ്രധാനമാകുന്നത്. വിവാഹം കഴിഞ്ഞവർ സ്വയം ചോദിക്കേണ്ട ചോദ്യം എനിക്ക് എന്ത് ലഭിക്കും എന്നല്ല. എനിക്ക് എന്ത് നൽകാനുണ്ട് എന്നായിരിക്കണം.

നൽകാൻ സമയമുണ്ടോ? വിവാഹിതരായിട്ടും. ഈ നിമിഷം മുതൽ മരണം നമ്മെ വേർപെടുത്തും വരെ എന്ത് തന്നെ വന്നാലും ഇണപിരിയാതെ ജീവിക്കുമെന്ന്




വാഗ്ദാനം ചെയ്തിട്ടും നൽകാൻ സമയമില്ലാത്തവരാണ് പലരും. ഇത് കുടുംബ തകർച്ചയ്ക്ക് കാരണമാകും. ഒന്നിച്ചിരിക്കാൻ സമയമില്ല, ഒന്നിച്ച് ഭക്ഷിക്കാൻ സമയമില്ല. ഒന്നിച്ച് പ്രാർഥിക്കാൻ സമയമില്ല. ഒന്നിച്ച് സംസാരിക്കാൻ സമയമില്ല. ജീവിക്കാനും സ്നേഹിക്കാനും സമയമില്ലാത്തവർ വിവാഹം കഴിച്ചാൽ വൈവാഹികജീവിതം വിജയം കാണില്ല.

നൽകാൻ നല്ല വാക്കുണ്ടോ? ആരാണ് നിങ്ങളുടെ കൂട്ടുകാർ? ആരുമായിട്ടാണ് ചങ്ങാത്തം കൂടാൻ നിങ്ങൾ ആഗ്രഹിക്കുന്നത്? നമ്മളെപ്പറ്റി നല്ലത് പറയുന്നവരെ, നമ്മിൽ നന്മകാണുന്നവരെ. എപ്പോഴും നമ്മെപ്പറ്റി മോശം പറയുകയും കുറ്റം കാണുകയും പരാതികൾ മാത്രം പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നവരെ നാം അകറ്റാൻ ശ്രമിക്കും. ഇതൊരു മനഃശാസ്ത്രസത്യമായിരിക്കേ തന്റെ ഭർത്താവിനെപ്പറ്റി ഭാര്യയെപ്പറ്റി ഒരു നല്ല വാക്കു പറയാത്ത, നന്മ സംസാരിക്കാത്ത, ഒരു പ്രശംസയും ഒരിക്കലും നൽകാത്ത ഒരാളുമായി ഒരായുഷ്കാലം ജീവിതം പങ്കിടുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. അതിനാൽ നല്ല വാക്കുകൾ സമ്മാനിച്ച് കുടുംബജീവിതത്തെ പറുദീസയാക്കുക; അത് എന്നും നൽകണം, ആവോളം നൽകണം.

നൽകാനൊരു ചെവിയുണ്ടോ? മറ്റുള്ളവരെ ശ്രവിക്കുക എന്നത് ഒരു കലയാണ്, വിജയമന്ത്രമാണ്. ശാന്തമായ മനസ്സുള്ളവർക്കും വ്യഗ്രചിന്തയില്ലാത്തവർക്കും സാധിക്കുന്ന ഒരു കാര്യമാണിത്. ഫ്രാൻസിസ് പാപ്പ ഇതിനെ അപ്പോസ്തലേറ്റ് ഓഫ് ഇയർ (apostolate of ear) എന്നാണ് വിളിക്കുന്നത്. പരസ്പരം ശ്രവിക്കപ്പെടുന്നു എന്ന അനുഭവം കുടുംബത്തിന്റെ ഊഷ്മളത വർധിപ്പിക്കും. ഒരാളെ കേൾക്കുക എന്നാൽ അയാളെ മാനിക്കുന്നു എന്നും ബഹുമാനിക്കുന്നു എന്നുമാണർത്ഥം. കുടുംബജീവിതത്തിൽ ദമ്പതികൾക്ക് നൽകാവുന്ന ഏറ്റവും വലിയ സമ്മാനവും ഇതുതന്നെ.

നൽകാനിത്തിരി കരുതലുണ്ടോ? കരുതൽ കരളിനെ തൊടുന്ന വികാരമാണ്. കൂടെയുള്ളവരെ തങ്ങളേക്കാൾ വിലപ്പെട്ടവരായി കാണുന്നതാണ് കരുതൽ. കൂടെയുള്ളവർ ധനത്തേക്കാൾ അറിവിനേക്കാൾ സൗന്ദര്യത്തേക്കാൾ കായബലത്തേക്കാൾ ആഗ്രഹിക്കുന്നത് കരുതലാണ്. ഭാര്യയോട് ഭർത്താവിനോട് കുഞ്ഞുങ്ങളോട് അവളുടെ കുറവുകളേക്കാൾ അധികമായി നൽകേണ്ടതാണ് കരുതൽ.

ലഭിക്കുന്നതല്ല നൽകുന്നതാണ് കുടുംബജീവിതം. നൽകാൻ ഉടമ്പടി ചെയ്യുന്നവരാണ് കുടുംബജീവിതം നയിക്കുന്നവർ. അങ്ങനെയെങ്കിൽ നിങ്ങളുടെ കുടുംബത്തിന് നൽകാൻ നിങ്ങൾക്ക് എന്തുണ്ട്?



ഫാ. ലെനിൻ ഫെർണാണ്ടസ്

# ആശ്വാസമാകുന്ന അപരിചിതൻ

കറുത്ത തൊലിപ്പുറവും കാരിരുമ്പിന്റെ കരുത്തും ഉള്ളവനായിരുന്നു അവൻ. സൈറീൻ ദേശത്തുനിന്നും വിധി പ്രകാരമുള്ള ആചാരങ്ങൾക്കായി ജെറുസലേമിലെത്തിയ യഹൂദൻ. ദൂരെ നിന്നുമുള്ള നിലയ്ക്കാത്ത ആരവമാണ് ആ കാഴ്ച കാണാൻ അവനെ അവിടെ നിർത്തിയത്. ഒറ്റനോട്ടത്തിൽ തന്നെ രണ്ടുകാര്യങ്ങൾ അവന് മനസ്സിലായി. കുരിശുചുമക്കുന്ന ആ മനുഷ്യൻ ഏറെ തളർന്നിരിക്കുന്നുവെന്നും ആ മനുഷ്യൻ ഒരു നീതിമാനാണ് എന്നും. അവൻ നീതിമാനെന്നു തോന്നാൻ കാരണം സ്ത്രീകളുടെ നിലയ്ക്കാത്ത കൂട്ടക്കരച്ചിലായിരുന്നു. ആ കരച്ചിലിലും നിലവിളിയിലും അവരുടെ ആത്മാർത്ഥതയും സ്നേഹവും തളംകെട്ടി നിന്നു. ശിമയോൻ എന്ന ആ സൈറീൻകാരന്റെ കണ്ണുകൾ തീർത്തും കുരിശുവഹിച്ചു വേച്ചുവേച്ചു മുന്നോട്ടു നീങ്ങുന്ന യേശുവിൽ തന്നെ പതിഞ്ഞുനിന്നു. അസാധാരണമായിരിക്കുന്നു, ഒരുവൻ എടുത്താൽ പൊങ്ങാത്തത്ര ഭാരമുള്ള കുരിശ് അവന്റെ കാലുകൾ നിലയുറയ്ക്കുന്നില്ല, തലയിൽ അടിച്ചുകയറ്റിയിരിക്കുന്ന മുൾകിരീടം, ചോരയാൽ അവ്യതമായ മുഖം; എന്നാൽ ആ കണ്ണുകൾ മാത്രം തിളങ്ങുന്നു. ആരെയും തന്നിലേക്കാകർഷിക്കുന്ന നോട്ടം. "എന്റെ യഹോവേ ഈ നീതിമാന്റെ കരം നീ പിടിക്കാത്തതെന്തേ" ശിമയോൻ ആത്മഗതം ചെയ്തു.



ഒരു ചാട്ടവാറിന്റെ സീൽക്കാരം അന്തരീക്ഷത്തെ ഭേദിച്ചു. ഒരു അത്യുഗ്രൻ ചാട്ടവാറടി കുരിശുവഹിക്കുന്ന യേശുവിന്റെ മുതുകിൽ പതിച്ചു. "ആ..." എന്ന ദീനരോദനമല്ലാതെ മറ്റൊന്നും അയാളിൽ നിന്നും പുറപ്പെട്ടില്ല. ആ പടയാളികളുടെ അട്ടഹാസം ഉള്ളുനീറിയ ആ നിലവിളിയേയും ചവിട്ടിയരച്ചു. അപ്പോഴാണ് ശിമയോൻ അത് ശ്രദ്ധിച്ചത്, അവന്റെ നോട്ടം എന്നിൽ തന്നെ. ആ കണ്ണുകൾ എന്നെ മാടിവിളിക്കുന്നുണ്ട്. ഒരു പരിചയവുമില്ലാത്ത ഈ മനുഷ്യൻ എന്നെ എന്തു പ്രതീക്ഷിച്ചാണ് ഇത്ര ആർദ്രമായി നോക്കുന്നത്. കുടിക്കാൻ വെള്ളമാണവൻ ആഗ്രഹിക്കുന്നതെങ്കിൽ വെള്ളം നിറച്ച കൽഭരണികൾ പല സ്ത്രീകളുടെയും കൈകളിൽ കാണുന്നുണ്ട്. പിന്നെന്താണ് ഈ അപരിചിതനിൽ നിന്നും അയാൾ പ്രതീക്ഷിക്കുന്നത്, ശിമയോൻ ആശയക്കുഴപ്പത്തിലായി. ഒന്നും മാത്രം തീർച്ചയാണ് എനിക്കവനെ അറിയില്ലെങ്കിലും അവന് എന്നെ നന്നായറിയാം. ഇനി എന്റെ മക്കൾ അലക്സാണ്ടറിന്റെയും റൂഫസ്സിന്റെയും പരിചയക്കാരനാണോ ഇവൻ? ഏതോ അദൃശ്യമായ ഒരു ശക്തി അവന്റെ ഹൃദയങ്ങളെ ഉദ്ദീപ്തമാക്കി. അവൻ ചിന്തിച്ചു, ഞാനെന്തുചെയ്താലും അതൊരു മാതൃകയായിരിക്കും അവന് അതൊരാശ്വാസമായിരിക്കും.

ചുരുട്ടിപ്പിടിച്ച കൈകളുമായി ശക്തമായ ചുവടുകളോടെ അവൻ യേശുവിന്റെ അരികിലേക്ക് നീങ്ങി. കറുത്തിരുണ്ട ആ മനുഷ്യനെ എല്ലാപേരും പെട്ടെന്ന് ശ്രദ്ധിച്ചു, കാഴ്ചയിൽ അവൻ അവരെപ്പോലെയല്ലായിരുന്നു. കുരിശുവഹിക്കുന്നവനോടുള്ള അവന്റെ ദയാവായ്പ് ഒറ്റനോട്ടത്തിൽ അവർക്ക് മനസ്സിലായി.



''ഉം.. എന്തുവേണം നിനക്ക് നീയും ഈ ദേശദ്രോഹിയുടെ സംഘത്തിൽപ്പെട്ടവനാണോ? ഇവന്റെ ശിഷ്യന്മാരൊക്കെ ഓടി ഒളിച്ചിട്ടുണ്ട്. നീ ധീരൻ തന്നെ, നീ തന്നെ ഇവനെ സഹായിക്ക്. തലയോട്ടികളുടെ കൂട്ടമുള്ള ഗാഗുൾത്തായുടെ മുനമ്പിലെത്തുംവരെ ഈ കള്ളൻ മരിക്കാൻ പാടില്ല.'' എന്നുപറഞ്ഞുകൊണ്ട് ശിമയോനെ യേശുവിന്റെ കുരിശിനരികിലേക്കവർ പിടിച്ചുതള്ളി. യേശുവിന്റെ ആ മൗനവും ചെറുപുഞ്ചിരിയും മാത്രം മതിയായിരുന്നു ആ ഭാരമേറിയ കുരിശെടുത്ത് സ്വന്തം തോളിൽ ചാർത്താൻ.


ഒടുവിൽ അത് സംഭവിച്ചു. അല്പനേരത്തെങ്കിലും ആ കുരിശ് മറ്റൊരു തോളിൽ ചാർത്തപ്പെട്ടു. ഈ കുരിശ് മറ്റൊരു തോളിൽ വച്ചുകൊടുക്കണമെന്ന് അവൻ ഒരിക്കലും ആഗ്രഹിച്ചതല്ല, ഒരു ഭാഗ്യം കണക്കെ ഒരു നിയോഗം കണക്കേ എനിക്കു കിട്ടിയതാണ് എന്നുമാത്രം ചിന്തിക്കാനേ അപ്പോളവന് തോന്നിയുള്ളൂ. ഇത്രയും കായബലമുള്ള എനിക്ക് ഒരടിപോലും ഈ കുരിശുമായി മുന്നോട്ടു നീങ്ങാൻ സാധിക്കുന്നില്ല. അത്രയും കഠിനമാണിതിന്റെ ഭാരം എങ്കിലും വല്ലാത്തൊരു അനുഭൂതി അനുഭവിക്കാൻ എനിക്ക് സാധിക്കുന്നുണ്ട്.

നിലയ്ക്കാത്ത അട്ടഹാസങ്ങൾ, അസഭ്യവാക്കുകൾ, കളിയാക്കലുകൾ. നീണ്ട മേലങ്കികൾ ധരിച്ച് ഫരിസേയരുടേയും നിയമജ്ഞരുടേയും മുഖത്താണ് കൂടുതൽ സംതൃപ്തി. ഏക ആശ്വാസം സ്ത്രീകളുടെ നിർത്താത്ത നിലവിളിയും കരച്ചിലും മാത്രം. ചെറിയൊരിടവേളയ്ക്കു ശേഷം അവൻ ആ കുരിശ് തിരികെ വാങ്ങി. അവരിരുവരുടെയും തോളുകൾ തൊട്ടുരുമിയപ്പോൾ യേശു ശിമയോന്റെ ചെവിയിൽ ഇങ്ങനെ മന്ത്രിച്ചു. "നീ ഈ ലോകത്തിന്റെ പ്രകാശമായി തീർന്നിരിക്കുന്നു."

കാൽവരിയിലേക്കുള്ള ആ യാത്ര അവൻ തുടർന്നു. നിസഹായരായ ഒരുകൂട്ടം മനുഷ്യരോടൊപ്പം അനിവാര്യമായ സത്യത്തിലേക്ക് അവൻ നടന്നുനീങ്ങി. ഭാരപ്പെട്ട ഹൃദയവുമായി ശിമയോൻ ഒരുപാറമേൽ ഇരുന്നു. അവൻ നടന്നുനീങ്ങിയ വഴികളിലൊക്കെ ചോര ഇറ്റിറ്റുവീണു കിടക്കുന്നു. നിലയ്ക്കാത്ത ഓളം പോലെ അവൻ അവസാനം ചെവിയിൽ മന്ത്രിച്ചത് പ്രതിധ്വനിച്ചുകൊണ്ടിരുന്നു, "നീ ഈ ലോകത്തിന് പ്രകാശമായി തീർന്നിരിക്കുന്നു." മനുഷ്യാരവങ്ങൾ അകന്നകന്നു പോകുമ്പോഴും സൈറീൻക്കാരനായ ശിമയോന്റെ ഉള്ള് തീർത്തും അസ്വസ്ഥമാകാൻ തുടങ്ങി.

അയാൾ ചാടി എഴുന്നേറ്റു. ഞാൻ എത്രയും വേഗം എന്റെ ദേശത്തേക്ക് തന്നെ തിരികെപോകണം. അവിടെ എത്രയോ നിസഹായരായ നീതിമാൻമാർ പീഡിപ്പിക്കപ്പെടുന്നു. അവർക്കായി എന്റെ തോളുകൾ ഞാൻ മാറ്റിവയ്ക്കണം. അവരുടെ ഭാരങ്ങൾക്ക് ആശ്വാസമാകാൻ ഈ നീതിമാന്റെ ദർശനം മാത്രം മതി എനിക്ക് കരുത്തായി. എവിടെയൊക്കെ അന്ധകാരാവൃതമാണോ അവിടെയെല്ലാം ഒരിറ്റു വെളിച്ചമാകാൻ ഞാനിതാ എന്റെ സ്വപ്രയത്നത്താൽ തുടക്കം കുറിക്കുന്നു. അത് ആശയും ആവേശവുമായി കത്തിപ്പടരട്ടെ അങ്ങനെ ലോകം ഇരുളകന്ന ശാദ്വലഭൂമിയായി തീരട്ടെ.

ആവേശംപൂണ്ട ചുവടുകളുമായി അയാൾ നടന്നുനീങ്ങുമ്പോൾ ഒരു കാര്യം കൂടി അവൻ ഓർത്തു. എത്രയോ തവണ പെസഹാ ആഘോഷിക്കാൻ ഞാനീ പുണ്യഭൂമിയിൽ വന്നുപോയി. ഇന്നോളം അനുഭവിക്കാത്ത സമാധാനവും സ്വസ്ഥതയുമാണല്ലോ ആ മനുഷ്യന്റെ കുരിശുതാങ്ങിയപ്പോൾ എനിക്ക് കിട്ടിയിരിക്കുന്നത്. എനിക്ക് മറക്കാൻ കഴിയില്ല എന്നെ മാടിവിളിച്ച ആ കണ്ണുകളും എന്റെ ചെവിയിൽ അവൻ പറഞ്ഞ ആ മൊഴികളും. സൈറീൻകാരനായ ശിമയോൻ എതിർദിശയിലേക്കാണ് നടന്നതെങ്കിലും കുരിശുവഹിച്ച ആ നീതിമാൻ അവന്റെ ഹൃദയത്തിൽ കുടിയേറി കഴിഞ്ഞിരുന്നു. ■



# ശുശ്രൂഷകർക്ക് ഉണ്ടാകേണ്ട മനോഭാവങ്ങൾ

**മോൺ. ഡോ. നിക്കൊളാസ് ടി.**

### 1. ശുശ്രൂഷകർ: ക്രിസ്തുവിന്റെ ദാസർ

ശുശ്രൂഷകർ ക്രിസ്തുവിന്റെ ദാസരായി ശുശ്രൂഷ നിർവ്വഹിക്കണം (1 കോറി:4:1, റോമ:1:1). ദാസർ ദൈവത്തോട് കൂടുതലായ കൂറും കരുതലും കാണിക്കേണ്ടവരാണ്. അവർ വിളിച്ചവന്റെ താഴെ, സഹായിയായി, കല്പിക്കപ്പെട്ട ജോലിചെയ്യാൻ നില്ക്കുന്നവരാണ്. ഒരു രാജാവിന്റെ പ്രജയെപ്പോലെ അയച്ചവൻ കല്പിക്കുന്ന കാര്യങ്ങൾ മാത്രം ചെയ്യുന്ന അയയ്ക്കപ്പെട്ടവനാണ് ദാസൻ (1 കോറി:3:4–9).

യജമാനനെ ശുശ്രൂഷിക്കുന്ന ദാസൻ വളരെ ശ്രദ്ധയോടെ നില്ക്കുകയും കേൾക്കുയും വേണം. ദാസൻ വിശ്വസ്തമായ അനുസരണത്തിലൂടെ കടന്നുപോകണം. അതുപോലെ ക്രിസ്തു ശിഷ്യരും പരസ്പരം ദാസരാകണം (ലൂക്കാ: 22:25–27). യജമാനൻ പറയുന്നതനുസരിച്ച് ദാസൻ പ്രവർത്തിക്കണം. ജനങ്ങളെ നയിക്കുന്നത് ദൈവമാണെന്ന് ദാസനെപ്പോഴും ഓർക്കണം (1 പത്രോ:5:14; 2 സാമു:7–16; 1 കോറി:15:24–28). യജമാനനെക്കാൾ വലിയ ദാസനുണ്ടാകാൻ പാടില്ല (യോഹ:13:16). ഭരമേല്പിക്കപ്പെട്ട ജനത്തിന്റെ പാദം കഴുകി അവർക്കായി ജീവൻ ബലി കഴിക്കുന്ന ശുശ്രൂഷയാകാനും ശുശ്രൂഷയേകാനുമുള്ള വിളിയാണ് ക്രിസ്തീയശുശ്രൂഷ (യോഹ:13; മാർക്കോ:10:45). ഈ ശുശ്രൂഷയിൽ ഒന്നാമൻ അവസാനത്തവനും യജമാനൻ ദാസനുമാകുന്നു (മർക്കോ:10:44).

### 2. ശുശ്രൂഷകർ: സഹനവും മരണവും ഏറ്റെടുക്കുന്നവർ

ക്രിസ്തീയശുശ്രൂഷ സഹനത്തിന്റെ ബലിക്കല്ലിലാണ്. ഈ ശുശ്രൂഷ നല്കുന്നവരെ പീഢാസഹനത്തിലേക്കും കുരിശിലേക്കും നയിക്കും (1 കോറി:4:8–13). സഹനവും മരണവും മഹത്വത്തിലേക്കുള്ള രാജപാതയാണ് (യോഹ:12:23).

മരണത്തിന് വിധിക്കപ്പെടുന്ന പ്രദർശന വസ്തുക്കളാണ് ക്രിസ്തീയ ശുശ്രൂഷകർ. അവർ ക്രിസ്തുവിനെ പ്രതി ഭോഷന്മാരും

ബലഹീനരും, അപമാനിതരുമാണ്. വിശന്നും, ദാഹിച്ചും, നഗ്നരായും, പ്രഹരങ്ങളേറ്റും, പാർപ്പിടമില്ലാതെയും കഴിയേണ്ടവരാണവർ. ദൂഷണം പറയുന്നവരോട് നല്ലവാക്കും, ക്രിസ്തുവിനുവേണ്ടി ലോകത്തെ ചപ്പും, ചവറും, ഉച്ചിഷ്ടവും പോലെ മനസ്സിലാക്കേണ്ടവരാണവർ (1 കോറി:4:10; 2 കോറി:11:16–33; ഫിലി:3:8).

### 3. ശുശ്രൂഷകർ: ദൈവീക കുടുംബം രൂപപ്പെടുത്തുന്നവർ

ക്രിസ്തീയശുശ്രൂഷകർ ദൈവീകകുടുംബത്തിൽ മാതാക്കളെയും പിതാക്കളെയും രൂപപ്പെടുത്തുന്നു (1 കോറി: 4:14–21; 1 തെസ്സ:2:7). പൗലോസ് തന്നെതന്നെ ഗലാത്തിയരുടെയും തെസലോണിക്കക്കാരുടെയും തിമോത്തിയുടെയും ഫിലമോന്റെയും പിതാവാണെന്നാണ് പറയുക. അപ്പസ്തോലൻ ഒരു വത്സല പിതാവിനെപ്പോലെ അവരെ വിശ്വാസത്തിലേക്ക് നയിക്കുകയും, തിരുത്തലുകൾ നല്കുകയും (കൊളോ:1:28) യേശുവിനെ അനുകരിക്കാൻ പ്രോത്സാഹനം നല്കുകയും (കൊളോ:1:16–17) അവരുടെ ഹൃദയ കാഠിന്യത്തിനെതിരെ മുന്നറിയിപ്പ് നല്കുകയും ചെയ്യുന്നു (കൊളോ:1:18–21). "മനസ്സാക്ഷി തിരസ്കരിച്ചുകൊണ്ട് വിശ്വാസം തീർത്തും നശിപ്പിച്ചു കളയുന്നവരെ" (1 തിമോ:1:19) ശുശ്രൂഷ വഴി തിരികെ കൊണ്ടുവരണം. ദൈവജനത്തെ സമഗ്രമായും മനുഷ്യമുഖമുള്ളവരായും വളർത്തി എടുക്കുന്നതിൽ ശുശ്രൂഷകർ ഏറെ താല്പര്യം കാണിക്കണം (2 കോറി:13:10). ദൈവീക കുടുംബമാകാൻ ശുശ്രൂഷ നല്കേണ്ടവർ സംയമനവും വിനയവും വിവേകവും വിശുദ്ധിയും വിശ്വസ്തതയും വിധേയത്വവും അച്ചടക്കവുമുള്ളവരായിരിക്കണം. ക്രൈസ്തവവിശ്വാസ സത്യങ്ങളെ ആധികാരികമായി പ്രബോധിപ്പിക്കുവാനുള്ള അറിവും, പ്രാപ്തിയും അവർക്കുണ്ടാകണം. ദൈവീക കുടുംബത്തെ നയിക്കേണ്ട ശുശ്രൂഷകർ ആദ്യമേ സ്വകുടുംബത്തെ ശരിയായി നിയന്ത്രിക്കുന്നവരും, മക്കളെ വിശ്വാസത്തിലും വിവേകത്തിലും, അനുസരണത്തിലും വളർത്തുന്നവരുമാകണം. അഹങ്കാരം വെടിഞ്ഞ് പൊതുജന മധ്യത്തിൽ നല്ല മതിപ്പുള്ള ആളുകളായിരിക്കണം. നിർമ്മല മനസാക്ഷിയോടുകൂടെ ജീവിച്ച് വിശ്വസ്തതയിൽ ജീവിക്കുന്നയാളുകളാകണം (1 തിമോ:3:1–13).

### 4. ക്രിസ്തീയ നേതൃത്വം: വഴിമുടക്കികളുടെ ഉത്തരവാദിത്വം ഏറ്റെടുക്കൽ

വഴിയരികിൽ കിടക്കുന്നവനെ വീട്ടിൽ എത്തിക്കുന്നതുവരെയുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുന്നതാണ് ക്രിസ്തീയ നേതൃത്വം (ലൂക്കാ:10).

### 5. ശുശ്രൂഷകർ: അറിയുന്നവരും അറിയിക്കുന്നവരും

സഭയേയും സഭാശുശ്രൂഷകരെയും അറിയാനും അംഗീകരിക്കാനും അഭിനന്ദിക്കാനും കഴിയണം ക്രിസ്തീയ സമൂഹത്തിന്. അവരിലൂടെയുള്ള ദൈവസ്വരത്തിനനുസരിച്ചാണ് നേതൃത്വ ശുശ്രൂഷ ചെയ്യേണ്ടത് (മത്താ:10:40). സഭാനേതൃത്വത്തെ ബഹുമാനിക്കുകയും സ്നേഹിക്കുകയും സഭയോട് സമാധാനമായി കഴിയാനും കഴിവുള്ളവരാണ് നേതൃത്വത്തിൽ വരേണ്ടത് (മത്താ:5:9). അപ്പസ്തോലനെപ്പോലെ ഓരോരുത്തരും മറ്റുള്ളവരെക്കാൾ കൂടുതൽ അദ്ധ്വാനിക്കണം (1 കോറി:15:10).

### 6. ശുശ്രൂഷകർ: കാരുണ്യ സമൂഹമാകാൻ

ശുശ്രൂഷയിലൂടെ ഭീരുക്കളെ ധൈര്യപ്പെടുത്താനും ദുർബലരെ സഹായിക്കാനും (പുറ:3:7–8; മത്താ:25:38–40) ക്ഷമാപൂർവ്വം പെരുമാറാനും അലസരെ ശാസിക്കാനും സാധിക്കും. അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന (അപ്പ:2:42) എന്നിവയിൽ അധിഷ്ഠിതമായ സഭാ സമൂഹത്തെ ദൈവരാജ്യത്തിനായി രൂപപ്പെടുത്തുകയും ദൈവവചനത്താൽ സഭയെ ശുദ്ധീകരിക്കാനും (യോഹ:17:17) സഭയിൽ നിന്ന് ആരെയും നഷ്ടപ്പെടുത്താതെ എല്ലാവരെയും കാത്തു സൂക്ഷിക്കുവാനും (യോഹ:17:11) ശുശ്രൂഷയിലൂടെ കഴിയും. ദിവ്യകാരുണ്യ സമൂഹമാകുന്ന സഭ ശുശ്രൂഷയിലൂടെ വിശ്വാസം, ആരാധന, സ്നേഹം എന്നിവയ്ക്ക് ലോകത്തിൽ സാക്ഷ്യം നല്കും.

### ഉപസംഹാരം

സ്നേഹവും നീതിയും സത്യവും തുല്യതയും വികസനവും സമാധാനവും പരിശുദ്ധാത്മാവിൽ നിറയുന്ന സന്തോഷവും നിറഞ്ഞ് നില്ക്കുന്ന ദൈവരാജ്യം ഈ ഭൂമിയിൽ സ്ഥാപിതമാക്കാനായിരുന്നു യേശു പ്രാർത്ഥിച്ചതും പ്രാർത്ഥിപ്പിച്ചതും പ്രവർത്തിച്ചതും പ്രവർത്തിപ്പിച്ചതും. അത് സമൂഹത്തിന്റെ സമൂലമായ പരിവർത്തനത്തിലൂടെയാണ് സാധ്യമാവുക. ദൈവം ആഗ്രഹിക്കുന്ന സമൂഹം ഭൂമിയിൽ സംസ്ഥാപിതമാകുക ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരുടെയും ദൈവജനത്തിൽ നിന്ന് ദൈവം തെരഞ്ഞെടുക്കുന്ന ദൈവജനത്തിന്റെയും കൂട്ടുത്തരവാദിത്വമാണ്. ശുശ്രൂഷ പൗരോഹിത്യം നിറവേറ്റാൻ സമർപ്പിതരെ സഹായിക്കേണ്ടവരാണ് പൊതുപൗരോ



ഹിത്യം സ്വീകരിച്ചിരിക്കുന്നവർ. രണ്ടുപേരുടെയും ധർമ്മം ശുശ്രൂഷയാണ്. രണ്ടുപേരുടെയും ലക്ഷ്യം ദൈവരാജ്യത്തിന്റെ ഇന്നീകരണവുമാണ്. ശുശ്രൂഷാ പൗരോഹിത്യവും പൊതുപൗരോഹിത്യവും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ്. അക്കാരണത്താൽ അവ പരസ്പരം പൂരകങ്ങളും ബന്ധിതങ്ങളുമാണ്. ഒന്നില്ലാതെ മറ്റൊന്നില്ല എന്ന് സാരം.

ശുശ്രൂഷയിലേർപ്പെടുന്നവർ സാങ്കേതികതകളുടെ പേര് പറഞ്ഞ് മാറിനില്ക്കുകയോ, മറഞ്ഞ് നില്ക്കുകയോ അരുത്. ജീവൻ ബലിയായി നല്കുന്ന ശുശ്രൂഷ ചെയ്യാൻ, ശുശ്രൂഷാ പൗരോഹിത്യം സ്വീകരിക്കുന്നവർ സദാ സന്നദ്ധരാണെന്ന് ലോകത്തെ അറിയിക്കുന്നതാണ് അവരുടെ വ്രതത്രയങ്ങൾ അഥവാ രണ്ടു വാഗ്ദാനങ്ങൾ. ശുശ്രൂഷാ പൗരോഹിത്യത്തോടൊപ്പം താങ്ങും, തണലുമായി നിന്ന് പ്രവർത്തിക്കേണ്ടവരാണ് പൊതുപൗരോഹിത്യം സ്വീകരിച്ചവർ. ഒന്ന് മറ്റൊന്നിനെ പ്രചോദിപ്പിക്കുകയും പ്രകോപിപ്പിക്കുകയും പ്രകാശിപ്പിക്കുകയും വേണം. രണ്ടും ഒരുമിച്ച് വളരണം, ഒരുമിച്ച് തളരാതിരിക്കണം. രണ്ടുപേരും ദൈവത്തോടും ദൈവജനത്തോടും ചേർന്നിരിക്കണം. ഈ ചേർച്ചയിലൂടെയേ ശുശ്രൂഷ ഫലപ്രദമാകൂ. വളർച്ചയില്ലാത്തിടത്ത് വിളർച്ചയുണ്ടാകും. വിളയർച്ചയായാൽ ജീവിതത്തിന്റെ പച്ചപ്പ് നഷ്ടപ്പെടും ഇടയ സാന്നിധ്യം അസാധ്യമാകും, മരുഭൂമി അനുഭവമുണ്ടാകും. മരുഭൂമിയിൽ ജീവന്റെ നീരിറങ്ങാൻ ശുശ്രൂഷയുടെ ജലം നിറയ്ക്കാം.

ദൈവജനത്തെ നയിച്ച രണ്ട് നേതാക്കളുണ്ട്: മോസസും പത്രോസും. രണ്ടുപേരും കൊലപാതകികളാണ്. സ്വജനത്തോടുള്ള സ്നേഹം അവരുടെ ഹൃദയങ്ങളിൽ ഹൃദ്യമാണ്. സമർപ്പണത്തിന്റെ വാളെടുത്ത് തല്ലിക്കൊല്ലാനും വെട്ടിവീഴ്ത്താനും മടിക്കാത്തവരാണ് അവർ.

വിശ്വാസത്തിലും ആത്മീയതയിലും വെള്ളം ചേർക്കാതെ യേശുക്രിസ്തുവിന്റെ തനിമയും വ്യതിരിക്തതയും പ്രഘോഷിക്കുക, പ്രശ്ന സങ്കീർണ്ണതകളിൽ സ്വയം ജീർണിച്ച് പോകാതെ സഭാ മക്കളെ മാത്രമല്ല എല്ലാവരെയും ജീർണാവസ്ഥയിൽ നിന്നും കരകയറ്റുക എന്നതാകണം ശുശ്രൂഷ. ■

# സഹപാഠിക്ക് വീടൊരുക്കി കെസിഎസ്എൽ



*കെസിഎസ്എൽ-ന്റെ പുൽക്കൂട് സമ്മാനപദ്ധതിയിലൂടെ സമാഹരിച്ച തുക ഉപയോഗിച്ച് പുതുക്കുറിച്ചിയിൽ വിദ്യാർഥിനി ജിൻസിക്കുവേണ്ടി പണികഴിപ്പിച്ച ഭവനത്തിന്റെ ആശീർവാദം നിർവഹിച്ച ബിഷപ്പ് ഡോ. ക്രിസ്തുദാസ് കെഎസിഎസ്എൽ അംഗങ്ങളോടൊപ്പം വീടിന് മുന്നിൽ*

തിരുവനന്തപുരം: കെസിഎസ്എൽ അംഗങ്ങളുടെ സാമൂഹ്യ പ്രതിബദ്ധത ഒരു നാടിനുതന്നെ മാതൃകയായി. തങ്ങളുടെ സഹപാഠിയും പുതുക്കുറിച്ചി ഇടവകാംഗവുമായ ജിൻസിയ്ക്ക് പുതിയൊരു വീട് നിർമ്മിച്ച് നൽകിക്കൊണ്ടാണ് കെസിഎസ്എൽ അംഗങ്ങൾ മാതൃക സൃഷ്ടിച്ചത്. ഇക്കഴിഞ്ഞ ക്രിസ്തുമസ് കാലത്ത് കെസിഎസ്എൽ സംഘടിപ്പിച്ച 'പുൽക്കൂട്' എന്ന സമ്മാന പദ്ധതിയിലൂടെ സമാഹരിച്ച മൂന്നു ലക്ഷത്തിലേറെ രൂപയാണ് ജിൻസിക്ക് വീടൊരുക്കാൻ പ്രേരകമായത്.

48 സ്കൂളുകളിലെ വിദ്യാർഥിനീ-വിദ്യാർഥികൾ പോക്കറ്റ് മണിയിൽ നിന്നും മിച്ചംപിടിച്ച് സമാഹരിച്ച തുകയും റ്റിഎസ്എസ്എസ് ഭവനനിർമാണ പദ്ധതിയിലൂടെ നൽകിയ തുകയും ചേർന്നപ്പോൾ പുതുക്കുറിച്ചി ഔവർ ലേഡി ഓഫ് മേഴ്സി സ്കൂളിലെ വിദ്യാർഥിയായ ജിൻസിക്കും കുടുംബത്തിനും വീട് എന്ന ചിരകാല സ്വപ്നം സാർഥകമായി. തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് വീടിന്റെ ആശീർവാദം നിർവഹിച്ച് താക്കോൽ കൈമാറി. കെസിഎസ്എൽ ഡയറക്ടർ ഫാ. ജേക്കബ് സ്റ്റെല്ലസ് വിദ്യാഭ്യാസ ശുശ്രൂഷാ ഡയറക്ടർ ഫാ. മെൽക്കൺ റ്റിഎസ്എസ്എസ് അസി. ഡയറക്ടർ ഫാ. ആഷ്‌ലിൻ ജോസ്, പുതുക്കുറിച്ചി ഇടവക വികാരി ഫാ. സജു റോൾഡൻ എന്നിവർ ചടങ്ങിൽ സന്നിഹിതരായി.



# നീർച്ചാലുകൾ

## ഞായറാഴ്ച വിചിന്തനങ്ങൾ

തപസ്സുകാലം മൂന്നാം ഞായർ (മാർച്ച് 7)

# ദൈവപുത്രന് കോപിക്കാമോ?

നീർച്ചാലുകൾ
ഫാ. വിക്ടർ എവരിസ്റ്റസ് IVDei

പുറ. 20:1-17 | 1 കൊറി. 1: 22-25 | യോഹ. 2: 13-25



ഇടവക ദേവാലയത്തിന്റെ നടക്കല്ലിൽ ചെരുപ്പൂരണോ എന്ന് സംശയിച്ചുനിൽക്കുന്ന അഭിനവ മോശമാരോട് മുൾപ്പടർപ്പിൽ എരിഞ്ഞു തീരാത്ത ദൈവം സംസാരിക്കുന്നത് കേൾക്കുക: "നീ നിൽക്കുന്ന സ്ഥലം പരിശുദ്ധമാണ്. നിന്റെ പാദരക്ഷകൾ അഴിച്ചുമാറ്റുക.

മോശയുടെ നേതൃത്വത്തിൽ ഈജിപ്തിൽ നിന്ന് പുറപ്പെട്ട ഇസ്രായേൽ ജനം സീനായ് മലയിൽ എത്തിച്ചേർന്നപ്പോൾ ദൈവം അവരുമായി ഒരു ഉടമ്പടി സ്ഥാപിക്കുകയും തുടർന്ന് 10 കല്പനകൾ നൽകുകയും ചെയ്യുന്നു. ദൈവവുമായുള്ള ഉടമ്പടിബന്ധം പരിപാലിക്കപ്പെടാൻ ജനം അനുസരിക്കേണ്ട 10 കല്പനകളുടെ വിശദീകരണമാണ് ഒന്നാം വായനയിൽ.

പരസ്യ ജീവിതത്തിന്റെ ആദ്യ ആഴ്ചയിൽ തന്നെ യേശു ജറുസലേം ദേവാലയത്തിൽ പെസഹാ തിരുനാളിൽ പങ്കെടുക്കുന്നതിന് പോകുന്നു (2:13). ദേവാലയത്തിൽ അവിടുന്ന് ചെയ്ത പ്രവൃത്തികൾ, തുടർന്ന് യഹൂദരുടെ പ്രതികരണം, യേശുവിന്റെ മറുപടി ഈ സംഭവങ്ങൾക്ക് സുവിശേഷകൻ നൽകുന്ന വ്യാഖ്യാനം എന്നിവയാണ് ഇന്നത്തെ സുവിശേഷത്തിന്റെ പ്രമേയങ്ങൾ.

ദൈവപുത്രന് കോപിക്കാമോ? ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാണെന്നുപറഞ്ഞവൻ ചാട്ടവാറെടുക്കുന്നതെന്തുകൊണ്ട്? ഹെറോദേസിനെ കുറുക്കൻ എന്നുവിളിച്ചവൻ തന്നെയല്ലേ സഹോദരനെ ഭോഷ എന്നുവിളിക്കുന്നവൻ ന്യായവിധിക്ക് അർഹനാകും എന്നുപറഞ്ഞത്. ദേവാലയ ശുദ്ധീകരണം മുൻനിർത്തി ചന്തിക്കുമ്പോൾ വെളിവാകുന്ന ഉത്തരങ്ങൾ താഴെ പറയുന്നവയാണ്.

മനുഷ്യനെ ശുദ്ധീകരിക്കുന്ന ഇടങ്ങളാണ് സ്നാനഘട്ടങ്ങൾ അഥവാ കുളിക്കടവുകൾ. എന്നാൽ പുഴയിലെ അഴുക്കുപിടിച്ച ഇടങ്ങളായി ഈ ശുദ്ധീകരണ കേന്ദ്രങ്ങൾ മാറുന്നു. ഈ വൈരുദ്ധ്യം ദേവാലയത്തിൽ കണ്ടപ്പോഴാണ് യേശുവിന്റെ ചാട്ടവാർ ഉയർന്നത്. സകലർക്കും വേണ്ടിയുള്ള പ്രാർത്ഥനാലയത്തിൽ അടിമ, വെടി, പൂവൻകുല നേർച്ച, കോഴിവെട്ട് ഊട്ടു നേർച്ച എന്നിങ്ങനെ ഭക്തിയുടെ മറവിൽ ഓണച്ചന്ത നടക്കുന്നത് കണ്ടപ്പോൾ യേശു തീർത്ഥവെള്ളമില്ലാതെ ജറുസലേം ദേവാലയം വെഞ്ചരിക്കുകയാണ്.

ക്രിസ്തുവിനെ വിമോചന പോരാളിയും രക്തസാക്ഷിയുമായി മാത്രം കാണാൻ ആഗ്രഹിക്കുന്നവർ പറയും, ദൈവപുത്രന് കോപിക്കാമെങ്കിൽ നമുക്കും കോപിച്ചുകൂടെ. ഇവിടെയാണ് ദൈവപുത്രന്റെ ധാർമികരോഷവും കുഞ്ഞുകുട്ടി പരാധീനതകൾമൂലമുള്ള മനുഷ്യന്റെ ദേഷ്യവും തമ്മിലുള്ള വ്യത്യാസവും മനസ്സിലാക്കേണ്ടത്. യേശു കോപിക്കുന്നത് പിതാവിന്റെ ആലയത്തെക്കുറിച്ചുള്ള തീഷ്ണത കൊണ്ടാണ്. കസാൻദ് സാക്കിസിന്റെ "ദൈവത്തിന്റെ നിസ്വനിൽ" ബ്രദർ ലിയോ ഫ്രാൻസിസിനോട് പറയുന്നതിങ്ങനെയാണ്. ഫ്രാൻസിസ് നീ സ്വയം അണയൂ... അല്ലെങ്കിൽ ഈ ലോകത്തിന് തീ പിടിക്കും. പിതാവിന്റെ ആലയത്തെക്കുറിച്ചുള്ള തീഷ്ണത തീപ്പന്തമായി ജ്വലിച്ചതിന്റെ സ്വാഭാവിക പ്രതിഫലനമാണ് യേശുവിന്റെ

കോപം. യേശുവിന്റെ കോപജ്വാല ഭസ്മാസുരനെ പോലെ ഭസ്മമാക്കുന്നതല്ല. ദേവാലത്തിന് നഷ്ടപ്പെട്ടുപോയ വിശുദ്ധിയുടെ താക്കോൽ വീണ്ടെടുക്കുന്നതിനുള്ള ടോർച്ചടിയാണ് യേശുവിന്റെ കോപം. ഈ കോപം സ്വകാര്യലാഭത്തിനുവേണ്ടിയുള്ളതല്ല. തന്നിഷ്ടം നടക്കാതിരുന്നതുമൂലമുള്ള ഇച്ഛാഭംഗം മൂലമല്ല. ഇഷ്ടമില്ലാത്തവരെയും വിമർശകരെയും കാണുമ്പോഴുണ്ടാകുന്ന സ്വാഭാവിക പ്രതികരണവുമല്ല. മറിച്ച് വഴിവിളക്കുകൾ കരിന്തിരി കത്തുന്നതിനെതിരെയുള്ള സമരപ്രഖ്യാപനമാണത്. സമൂഹത്തിന്റെ വഴിപിഴച്ച പോക്കിനെതിരെയുള്ള അപായ സയറനാണത്. ഇത് വായിച്ചിട്ട് കോപിക്കാൻ തോന്നുന്നുണ്ടോ? എങ്കിൽ ഇതുകൂടി വായിക്കുക.

ഇന്നും സമൂഹത്തെ ശുദ്ധീകരിക്കാൻ ചാട്ടവാറുകളുമായി ഇറങ്ങുന്നവരേറെയുണ്ട്. എന്നാൽ നാടു നന്നാക്കാൻ ഇറങ്ങുന്നവർ വീടു നന്നാക്കാൻ മറന്നുപോകുന്നു. തെറുവ് വൃത്തിയാക്കാൻ സേവനവാരത്തിനിറങ്ങുന്നവർ സ്വന്തം മുറ്റം വൃത്തിയാക്കാൻ മറക്കുന്നു. സമൂഹത്തെ കുളിപ്പിക്കാൻ ഇറങ്ങുന്നവർ സ്വയം കുളിക്കാൻ മറന്നുപോകുന്നു. ആത്മാക്കളെ രക്ഷിക്കാൻ ഇറങ്ങുന്നവർ സ്വന്തം ആത്മരക്ഷയെക്കുറിച്ച് മറന്നുപോകുന്നു. ബർണാഡ്ഷാ പറഞ്ഞത് എത്രയോ സത്യം – "നീ നിന്റെ മുറ്റം വൃത്തിയാക്കുക, അപ്പോൾ തെരുവ് താനേ വൃത്തിയായിക്കൊള്ളും."

ദേവാലയത്തിൽ ഉയരേണ്ടത് മനുഷ്യനിലെ ദൈവികതയാണ്. അവിടെ കാളയും ആടും കയറി മേഞ്ഞാലോ? ദൈവമേഖലയിലേക്ക് ഉയരേണ്ട മനുഷ്യൻ മൃഗമേഖലയിൽ കുരുങ്ങുമ്പോഴാണ് പരിശുദ്ധാത്മാവിന്റെ ആലയമായ ശരീരം മൃഗശാലയാകുന്നത്. കേരളത്തെ നടുക്കിയ കണിച്ചുകുളങ്ങര കൂട്ടക്കൊലക്കേസിലെ ഒന്നാം പ്രതിയുടെ പേരു വായിച്ചപ്പോൾ കൗതുകം തോന്നി – മൃഗം സാജു. "ജനിച്ചപ്പോൾ നിഷ്കളങ്കനായിരുന്ന അവന് മാതാപിതാക്കൾ ഇട്ട പേരാണ് സാജു. എന്നാൽ വളർന്നപ്പോൾ മൃഗീയ വാസനകളുടെ കാളയും ആടും അവന്റെ ശരീരത്തിൽ ഭരണം നടത്തിയപ്പോൾ നാട്ടുകാർ അവന് നൽകിയ പേരാണ് മൃഗംസാജു. ദേവാലയത്തിൽ നിന്ന് മൃഗശാലയിലേക്കുള്ള ദൂരം മാലാഖത്തലവനിൽ നിന്ന് ലൂസിഫറിലേക്കുള്ള വീഴ്ചയുടെ ദൂരമാണ്.

ഇടവക ദേവാലയത്തിന്റെ നടക്കല്ലിൽ ചെരുപ്പൂരണോ എന്ന് സംശയിച്ചുനിൽക്കുന്ന അഭിനവ മോശമാരോട് മുൾപ്പടർപ്പിൽ എരിഞ്ഞുതീരാത്ത ദൈവം സംസാരിക്കുന്നത് കേൾക്കുക: "നീ നിൽക്കുന്ന സ്ഥലം പരിശുദ്ധമാണ്. നിന്റെ പാദരക്ഷകൾ അഴിച്ചുമാറ്റുക. "നിന്റെ വസ്ത്രമല്ല, ഹൃദയമാണ് കീറേണ്ടതെന്ന്. ചെവിട്ടോർമ്മ നൽകുന്ന ജോയേൽ പറയുന്നതിതുതന്നെയല്ലേ? ഏശയ്യായുടെ അശുദ്ധിമാറ്റാൻ കൊടലിൽ കനലെടുത്ത മാലാഖേ, ദൈവ സന്നിധിയിൽ പ്രവേശിക്കുന്നതിൽ നിന്ന് എന്നെ തടയുന്ന അശുദ്ധിയുടെ തുകൽ ചെരുപ്പുകളഴിക്കാൻ ഞങ്ങളെ സഹായിക്കണേ ഒപ്പം സൂര്യനസ്തമിക്കുന്നതിന് മുൻപ് ഞങ്ങളുടെ കോപങ്ങൾ അവസാനിപ്പിക്കാനും.


തപസ്സുകാലം നാലാം ഞായർ (മാർച്ച് 14)

നീർച്ചാലുകൾ

റവ. ഫാ. തോമസ് ജെ. നെറ്റോ

# ത്യാഗമാകാം യാഗമാകാം...

2. ദിന: 36. 14–16, 19–23 | എഫെ. 2: 4–10 | യോഹ. 3: 14–21



യേശുവിലൂടെ ദൈവം മനുഷ്യകുലത്തിന് നല്കുന്ന ജീവന്റെ പൂർണതയെ – നിത്യജീവനെ അഥവാ രക്ഷയെക്കുറിച്ചാണ് ഇന്നത്തെ സുവിശേഷ ഭാഗം.

"തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു." ദൈവത്തിന്റെ സ്നേഹമാണ് യേശുവിലൂടെ സാധ്യമാകുന്ന രക്ഷ പ്രകടമാക്കുന്നത്. അത് എല്ലാവർക്കും വേണ്ടിയുള്ളതാണ്. ഒരാളെ പോലും ദൈവം അതിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. 'നൽകാൻ തക്കവിധം' എന്നതിനർഥം മരണത്തിന് ഏൽപ്പിച്ചുകൊടുക്കാൻ തക്കവിധം ദൈവം തന്റെ പുത്രനെ നമുക്ക് നൽകിയെന്നാണ്.

സർപ്പ ദംശനമേറ്റ ഇസ്രായേലിയർക്ക് മോശ മരുഭൂമിയിൽ ഉയർത്തിയ പിച്ചളസർപ്പം ജീവന്റെയും രക്ഷയുടെയും പ്രതീകമായിത്തീർന്നു. അതുപോലെ, യേശു കുരിശിൽ ഉയർത്തപ്പെട്ടപ്പോൾ അവിടുന്ന് സർവ്വ ജനത്തിനും വേണ്ടിയുള്ള ജീവന്റെയും രക്ഷയുടെയും അടയാളമായിതീർന്നു.

"പ്രകാശം ലോകത്തിലേക്ക് വന്നിട്ടും മനുഷ്യർ പ്രകാശത്തേക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു". നിത്യപ്രകാശമായ യേശുവിലൂടെ ദൈവം നൽകുന്ന രക്ഷ സ്വീകരിക്കാനും അത് തിരസ്കരിക്കാനും എപ്പോഴും മനുഷ്യന് സ്വാതന്ത്ര്യ

മുണ്ട്. യേശുവിനെ തിരസ്കരിക്കുന്നത് രക്ഷയെ തിരസ്കരിക്കുന്നതിന് തുല്യമാണ്. അത് ഒരാൾ സ്വയം നടത്തുന്ന വിധിയാണ്. തിരസ്കരണം അഥവാ വിധി അന്ധകാരത്തിന്റെ പ്രതീകമാണെങ്കിൽ, സ്വീകരണം അഥവാ രക്ഷ പ്രകാശത്തിന്റെ അടയാളമാണ്.

കരുണാസമ്പന്നനായ ദൈവപിതാവ് തന്റെ സ്നേഹം മൂർത്തമായൊരു പ്രവർത്തിയിലൂടെ പ്രകടമാക്കി. അവിടുന്ന് തന്റെ പുത്രനെ നൽകുന്നതിലൂടെ അത് പ്രകടിപ്പിച്ചു. യേശുവിലൂടെ ലഭ്യമായ ജീവനും രക്ഷയും ദൈവത്തിന്റെ കൃപയും ദാനവുമാണ്. അത് നമ്മുടെ പ്രവൃത്തിയുടെ ഫലമോ നാം നേടിയെടുത്തതോ അല്ല. രക്ഷയെന്നത് ദൈവത്തോടും സഹോദരരോടും പരസ്പരമുള്ള സ്നേഹവും സൗഹൃദവും കൂട്ടായ്മയുമാണ്.

ദൈവപിതാവിന്റെ മാതൃക അനുകരിച്ച് നമ്മുടെ ക്രിസ്തുവിശ്വാസം മൂർത്തമായ പ്രവൃത്തികളിലൂടെ നമുക്ക് പ്രകടമാക്കാം. ഇന്ന് നാം ചെയ്യുന്ന പ്രവൃത്തികൾ നന്മ പ്രവൃത്തികളാണോ എന്ന് നമുക്ക് പരിശോധിക്കാം. സ്വപുത്രനെ നൽകുന്നതിലൂടെ സ്നേഹം പ്രകടമാക്കിയ ദൈവമേ, ഈ തപസ്സുകാല യാത്രയിൽ ത്യാഗപൂർവ്വം സ്വയം മറ്റുള്ളവർക്ക് നൽകുവാൻ ഞങ്ങളെ ഓരോരുത്തരെയും അനുഗ്രഹിക്കണമേ.



റവ. ഡോ. ലോറൻസ് കുലാസ്

തപസ്സുകാലം അഞ്ചാം ഞായർ (മാർച്ച് 21)

# പൂജ്യമാകാം, പൂജ്യരാകാം

ജെറ. 31: 31–34 | ഹെബ്രാ. 5: 7–9 | യോഹ. 12: 20–33

**ജെ**റുസലേമിൽ യേശുവിന്റെ സാന്നിധ്യം മനസിലാക്കുന്ന ഗ്രീക്കുകാർ അവിടുത്തെ അന്വേഷിക്കുന്നു. പ്രസ്തുത ഗ്രീക്കുകാർ ഗ്രീക്ക് ഭാഷ സംസാരിച്ചിരുന്ന യഹൂദ ജനവിഭാഗത്തിൽപ്പെട്ടവരോ പാലസ്തീനായ്ക്ക് പുറമേ നിന്നു വരുന്ന യഹൂദരോ അല്ല. ഭാവിയിൽ എന്നെങ്കിലും യഹൂദമതം സ്വീകരിക്കുവാൻ ആഗ്രഹിച്ചിരുന്ന വിജാതിയ ഗണമായിരുന്നിരിക്കണം ഈ ഗ്രീക്കുകാർ. പെസഹാതിരുനാളിന് പങ്കെടുക്കാനെത്തിയ തീർത്ഥാടകരാണവർ. ആയതിനാൽ, അവർ യഹൂദമതകാംശികളായി കരുതപ്പെടുന്നു (Gentile proselytes). എന്നാൽ നാലാം സുവിശേഷകൻ ഈ ഗ്രീക്കുകാരേ യേശുവിൽ ആകൃഷ്ടരാകുന്ന വിജാതിയ ലോകത്തിന്റെ പ്രതിനിധികളായി അവതരിപ്പിക്കുന്നു. ഇപ്രകാരം, "ലോകം യേശുവിന്റെ പിന്നാലെ പോയിക്കഴിഞ്ഞു" എന്ന് ഫരിസേയർ തങ്ങളറിയാതെ പറയുന്ന പ്രവചനത്തിന്റെ (12:19) പൂർത്തീകരണമായി ഗ്രീക്കുകാരുടെ അന്വേഷണം നിലകൊള്ളുന്നു. യേശുവിന് വേണ്ടിയുള്ള അന്വേഷണം ഗ്രീക്കുകാരെ എത്തിക്കുന്നത് ഫിലിപ്പോസിന്റെ പക്കലാണ്. ഫിലിപ്പോസ് ഈ വിവരം അന്ത്രയോസിനെ അറിയിക്കുന്നു (12:21–22). ഇവർ രണ്ടുപേരും യേശുവിന്റെ ആദ്യ നാല് ശിഷ്യരിൽപ്പെട്ടവരാണ് (1:35–46). ഇവിടെ ശ്രദ്ധേയമായ ഒരു കാര്യം യഹൂദരായ ഫിലിപ്പോസും അന്ത്രയോസും യേശുവിനെ കണ്ടതിലൂടെയാണ് ശിഷ്യരായിതീരുന്നത് (1:39,46). അങ്ങനെയെങ്കിൽ ശിഷ്യത്വത്തിലേയ്ക്കുള്ള വിളിയിൽ 'കാണുക' എന്നത് ഏറെ പ്രാധാന്യമർഹിക്കുന്ന ഒരു ഘടകമാണ്. ഗ്രീക്കാർ യേശുവിനെ 'കാണാൻ' ആഗ്രഹിക്കുന്നതിലൂടെ അവരും യേശുവിന്റെ ശിഷ്യരായിതീരുവാൻ മുന്നോട്ടുവരുന്നു ആയതിനാൽ ഫിലിപ്പോസിന്റെയും അന്ത്രയോസിന്റെയും സാന്നിധ്യം യേശുവിന്റെ ശിഷ്യത്വത്തിലേയ്ക്കുള്ള ആദ്യ യഹൂദരുടെ വിളിയും യേശുവിന്റെ ശിഷ്യത്വത്തിലേക്കുള്ള ആദ്യ വിജാതിയരുടെ വരവും തമ്മിലുള്ള ബന്ധം കാണിക്കുന്നു.



യേശുവിന്റെ 'ഉയർത്തപ്പെടലിലൂടെ' മാനവരേവരും നവമായി രൂപാന്തരപ്പെടുന്നു. നാമോരുത്തരും ഈ പുതുയുഗത്തിലെ അംഗങ്ങളാണ്.

യേശുവിനെ കാണാനുള്ള ഗ്രീക്കുകാരുടെ വരവ് തന്റെ മഹത്വീകരണത്തിന്റെ സമയമായി യേശു പ്രഖ്യാപിക്കുന്നു (12:23). ദൈവം ഒരുക്കുന്ന രക്ഷാകര പദ്ധതിയിൽ വിജാതിയരും ഉൾപ്പെടുന്നു. തന്റെ "ഉയർത്തപ്പെടലിലൂടെ" (സഹന-മരണ-ഉത്ഥാനം) യഹൂദരും വിജാതിയരുമായ സകല മനുഷ്യർക്കും വേണ്ടിയുള്ള രക്ഷ യേശു സാധ്യമാക്കുന്നു. ഇപ്പോൾ വിജാതിയരായ ഗ്രീക്കുകാർ യേശുവിനെ സമീ

പിക്കുന്നതോടെ തന്റെ ജീവൻ ബലിയർപ്പിക്കുവാൻ സമയമായിയെന്ന് യേശു പ്രഖ്യാപിക്കുന്നു. ഈ പ്രഖ്യാപനം നാലാം സുവിശേഷത്തിലെ യേശുവിന്റെ മരണത്തെക്കുറിച്ചുള്ള പ്രഥമ ബോധ്യപ്പെടുത്തലാകുന്നു (12:24-26). ഇതിന് ഉപോത്ബലമായി ആ കാലഘട്ടത്തിലെ ജനത്തിന്റെ ജീവിതഗന്ധിയായ വിത്ത് വിതയ്ക്കൽ (12:24- ഗോതമ്പ് മണി) പ്രതീകമായി ചേർത്ത് യേശു തന്റെ മരണത്തെ വ്യാഖ്യാനിക്കുന്നു. കാർഷികവൃത്തിയെ സംബന്ധിക്കുന്ന ഈ പ്രതീകം അർത്ഥമാക്കുന്നത് കേവലം ഒരു ധാന്യമണിയുടെ അഴുകലിൽ ഒരായിരം മണികൾ ഉയിർകൊള്ളുന്നതുപോലെ ഒരു ജീവന്റെ അർപ്പണം അനേകർക്ക് ജീവദായകമായി മാറുന്നുവെന്നാണ് (10:10). ബലിദാനത്തിന്റെ അകം പൊരുൾ തുടർന്നുള്ള വാകൃത്തിലും യേശു ഉദ്ധരിക്കുന്നു (12:25). സ്വജീവൻ കാത്ത് സൂക്ഷിക്കുന്നതിന് ഉപരിയാണ് ജീവൻ ബലി നല്കുന്നതിലൂടെ കൈവരുന്ന നിത്യജീവൻ. ജീവൻ ബലിയായി നല്കുന്ന യേശുവിന്റെ ശുശ്രൂഷയിലേയ്ക്കുള്ള വിളി സ്വീകരിക്കുന്നവർ ഇപ്രകാരം ജീവൻ അർപ്പിക്കുവാനും അതിലൂടെ യേശുവും പിതാവുമായി ഒന്നായി തീരുവാനും (നിത്യജീവൻ) യോഗ്യരായിത്തീരുന്നു (12:26).

ആത്മസമർപ്പണത്തിന്റെ സഹനം തന്റെ മരണത്തെ കേന്ദ്രീകരിക്കുന്ന 'മണിക്കൂർ' ആയി യേശു സൂചിപ്പിക്കുന്നു (12:27). ഈ ആത്മസർപ്പണത്തിന്റെ മണിക്കൂറിൽ യേശു സഹനത്തെ മുഖാമുഖം കാണുന്നു. ഈ മരണവേദനയെ അതേപടി യേശു പിതാവിന്റെ മുമ്പിൽ കാഴ്ചവയ്ക്കുന്നു (12:28). പിതാവുമായുള്ള യേശുവിന്റെ അഗാധമായ ബന്ധത്തെ ഇത് കുറിക്കുന്നു. പിതാവിന്റെ നാമത്തെ മഹത്വപ്പെടുത്തണമെ എന്ന് യേശു പ്രാർഥിക്കുമ്പോൾ 'അങ്ങയുടെ ഹിതം നിറവേറട്ടെ' (ലൂക്ക 22:42) എന്നാണ് യേശു ആഗ്രഹിക്കുന്നത്. യേശു പിതാവിന്റെ ഹിതം നിറവേറ്റേണ്ടത് - പിതാവിന്റെ നാമത്തെ മഹത്വപ്പെടുത്തുന്നത് - കുരിശു മരണത്തിലൂടെയാണ്. സ്വർഗ്ഗത്തിൽ നിന്ന് ആ സമയത്ത് ഉണ്ടായ സ്വരം യേശുവിന്റെ ആത്മ സമർപ്പണത്തോടുള്ള പിതാവിന്റെ പ്രത്യുത്തരമാണ് (12:26b). യേശു തന്റെ ശുശ്രൂഷയിലുടനീളം പിതാവിന്റെ ഇഷ്ടം നിറവേറ്റി അവിടുത്തെ നാമം മഹത്വപ്പെടുത്തി. സഹന-മരണ-ഉത്ഥാനം വഴി യേശു പിതാവിന്റെ നാമത്തെ "ഇനിയും മഹത്വപ്പെടുത്തും" (12:29a). യേശുവിന്റെ പ്രാർഥന ദൈവം സ്വീകരിക്കുന്നു (12:29b). പിതാവിന്റെ സ്വരം ജനക്കൂട്ടം തിരിച്ചറിയുന്നില്ലെങ്കിലും യേശു പിതാവിന്റെ സ്വരം ഗ്രഹിക്കുന്നു. ലോകശക്തികൾക്കുമേലുള്ള യേശുവിന്റെ സ്ഥാനം ഉറപ്പിക്കുന്നതാണ് അവിടുത്തെ കുരിശിലുള്ള 'ഉയർത്തപ്പെടൽ' (12:31). സകല മനുഷരേയും മരണത്തിലൂടെ തന്നിലേയ്ക്ക് ആകർഷിക്കുക വഴി പിതാവിന്റെ രക്ഷാകരപദ്ധതി യേശു പൂർത്തിയാക്കുന്നു (12:31-33).

നാലാം സുവിശേഷകൻ യേശുവിന്റെ കുരിശിലെ ബലിദാനം സകല മനുഷ്യരുടെയും രക്ഷയ്ക്ക് - നിത്യജീവൻ നിദാനമാകുന്നുവെന്ന് പ്രസ്താപിക്കുന്നു. യേശുവിന്റെ "ഉയർത്തപ്പെടലിലൂടെ" മാനവരേവരും നവമായി രൂപാന്തരപ്പെടുന്നു. നാമോരുത്തരും ഈ പുതു യുഗത്തിലെ അംഗങ്ങളാണ്.

ഓശാനാ ഞായർ (മാർച്ച് 28)

**നീർച്ചാലുകൾ**

ഫാ. ഇമ്മാനുവേൽ

# പെസഹായ്ക്കു മുൻപുള്ള രാജാഭിഷേകം

ഏശ. 50: 4-7 | ഫിലി. 2: 6-11 | മർക്കോ. 14: 1-15, 47

"**ഇ**വൾ ബഥാനിയായിലെ സ്ത്രീ!
ജീവന്റെ ജലത്തിനായി കേഴുന്നവർക്ക്
ജലദേവതയായി പ്രത്യക്ഷപ്പെട്ടവൾ
വിദ്വേഷത്തിന്റെ വിഷക്കൂട്ടുകൾ അലിയിച്ച്
സൗഹൃദത്തിന്റെ രുചിക്കൂട്ടുകൾ ഉണ്ടാക്കിയവൾ
കപടതയുടെ സുഗന്ധം വിതറിയവൾ
അത്യാർത്തിയാൽ അപരർ അപഹരിക്കപ്പെടുമ്പോൾ
കെണിയിലകപ്പെട്ടവന്റെ കാവലാളായ
പാപിനി മറിയമിവൾ!"
('ബഥാനിയായിലെ പാപിനി')

വി. ലൂക്കായുടെ സുവിശേഷത്തിൽ ഇവൾ പാപിനിയും (ലൂക്ക: 7:38); വി. യോഹന്നാന്റെ സുവിശേഷത്തിൽ ഇവൾ മറിയവുമാണ് (യോഹ 12:3). ലൂക്കായുടെയും യോഹന്നാന്റെയും വിവരണത്തിൽ ഈ ബഥാനിയക്കാരി തൈലം പൂശുന്നത് യേശുവിന്റെ പാദങ്ങളിലാണ്. എന്നാൽ, മർക്കോസിന്റെ പാഠഭാഗത്തിൽ അവൾ യേശുവിന്റെ ശിരസ്സിൽ തൈലം ഒഴിക്കുക

യാണ്. ചരിത്രകാരനായ പ്ലിനിയുടെ എഴുത്തുകളിൽ – വിലയേറിയ ശുദ്ധ നാർദീൻ തൈലം തലമുറയായി കൈമാറ്റം ചെയ്യപ്പെടുന്ന മൂലധനം അഥവാ കുടുംബസ്വത്താണ്. യഹൂദ പാരമ്പര്യത്തിൽ, അതിഥികൾ വിരുന്നിന് വരുമ്പോൾ ശിരസ്സിൽ തൈലം പുരട്ടുന്ന പതിവുണ്ട്. ഈ കർമ്മം ചെയ്യുന്നത് ചൂടുള്ള കാലാവസ്ഥയിൽ അതിഥികളെ ഉന്മേഷഭരിതരാക്കാനും ഉല്ലസിപ്പിക്കാനും വേണ്ടിയാണ്. ഇവളാകട്ടെ ഭരണി തുറന്ന് അത് അവന്റെ മേൽ ഒഴിക്കുകയാണ്. അതുവഴി യേശു രാജാവാണെന്ന് അവൾ അവരുടെ മുമ്പിൽ സ്ഥാപിക്കുന്നു.

പഴയ നിയമത്തിൽ തൈലാഭിഷേകം രാജാധികാരത്തിന്റെ സൂചനയാണല്ലോ. '1 സാമു. 10:1' ൽ സാമുവൽ ഒരു പാത്രം ഒലിവെണ്ണയെടുത്തു സാവൂളിന്റെ ശിരസ്സിൽ ഒഴിച്ചു. എന്നിട്ടു പറഞ്ഞു: കർത്താവ് തന്റെ ജനത്തിന്റെ ഭരണാധികാരിയായി നിന്നെ അഭിഷേചിച്ചിരിക്കുന്നു." 2 രാജ 9:6 ൽ "യുവാവ് യേഹുവിന്റെ ശിരസ്സിൽ തൈലം ഒഴിച്ചുകൊണ്ട് പറഞ്ഞു: ഞാൻ നിന്നെ കർത്താവിന്റെ ജനമായ ഇസ്രായേലിന്റെമേൽ രാജാവായി അഭിഷേകം ചെയ്യുന്നു." സങ്കീ. 89:20 ൽ "ഞാൻ എന്റെ ദാസനായ ദാവീദിനെ കണ്ടെത്തി വിശുദ്ധ തൈലം കൊണ്ടു ഞാൻ അവനെ അഭിഷേകം ചെയ്തു." ഓശാന വീഥികളിൽ പ്രതിധ്വനിക്കുന്ന രാജാവും; പെസഹാതിരുനാളിൽ മുറിക്കപ്പെടുന്ന യഥാർത്ഥ കുഞ്ഞാടും ബഥാനിയായിലെ മറിയം തിരിച്ചറിഞ്ഞു. അവൾക്ക് ഒരിക്കലും ക്രിസ്തുവിനെ മരണത്തിൽ നിന്നും രക്ഷപ്പെടുത്താനാകില്ലായിരിക്കാം. പക്ഷേ, അവളുടെ സ്നേഹപ്രകടനം മരണത്തെ കീഴ്പ്പെടുത്തുന്ന പ്രത്യാശയുടെ പരിമളമായിരുന്നു. എന്റെ നാഥനെ അവർ പരിഹസിക്കുകയും പ്രഹരിക്കുകയും ചെയ്യുന്നതിന് മുൻപേ അവനെ ബഹുമാനിക്കാൻ എന്നെ അനുവദിക്കുകയെന്ന് അവൾ പലവട്ടം കെഞ്ചിയിട്ടുണ്ടാകണം.

അതുകൊണ്ടാണല്ലോ യൂദാസിനും കൂട്ടർക്കും അവളുടെ പ്രവർത്തി വെറും പാഴായി തോന്നിയത്. മൂന്നൂറിലധികം ദനാറ പാഴാക്കിയതിൽ അവർ അസ്വസ്ഥരായപ്പോൾ ദൈവത്തിന് നൽകുന്നതൊന്നും പാഴാവില്ലെന്ന് അവൾ സ്നേഹപൂർവം ഉപദേശിച്ചിട്ടുണ്ടാകണം. ജീവിതം മുഴുവൻ പാഴാക്കിക്കളഞ്ഞ യൂദാസാണോ അതോ പാഴായിപോകാമായിരുന്ന ജീവിതത്തെ ക്രിസ്തുവിൽ തൊട്ട് പവിഴമാക്കിയ പാപിനിയാണോ ആദരിക്കപ്പെടുകയെന്ന് മിഴിപൂട്ടി ധ്യാനിക്കാം.

മറ്റുള്ളവരുടെ കണ്ണുകളിൽ അപരൻ തെറ്റിദ്ധരിക്കപ്പെടുമ്പോൾ ക്രിസ്തുവിന്റെ നെഞ്ചിൽ ഇടമുള്ളവരായിരുന്നു അവരൊക്കെ. അതുകൊണ്ടാണല്ലോ അസ്വസ്ഥരായവരോട് യേശു പറഞ്ഞത് – "ഇവൾ എനിക്കുവേണ്ടി ഒരു നല്ല കാര്യം ചെയ്തിരിക്കുന്നു"വെന്ന്. പാപിനി ക്രിസ്തുവിന്റെ ഉടലിൽ തൊട്ടു. ക്രിസ്തുവാകട്ടെ അവളുടെ ഉള്ളിലും. അങ്ങനെ പാപിനിയായവൾ പുണ്യവതിയായി. "നല്ലത്" എന്നതിനെ സൂചിപ്പിക്കാൻ ഗ്രീക്ക് ഭാഷയിൽ രണ്ട് വാക്കുകൾ ഉപയോഗിക്കാറുണ്ട്. ഒന്ന് agathos (morally good) എന്നാൽ, 'ധാർമ്മികമായ നന്മ' എന്നർത്ഥം. ഇത് പലപ്പോഴും തീവ്രവും കഠിനവും വിട്ടുവീഴ്ചയില്ലാത്തതുമായിരിക്കാം... രണ്ട്, 'Kalos' (lovely) എന്നാൽ, മനോഹരം ചേതോഹരം ആകർഷകം എന്നൊക്കെ അർഥമാക്കാം.

കുഞ്ഞു നന്മകൊണ്ട് ലോകത്തെ ആകർഷിക്കാൻ ബഥാനിയായിലെ മറിയം പഠിപ്പിക്കുന്നു. രാജകീയ പ്രവേശന തിരുനാളിൽ പുണ്യങ്ങളുടെ പൂമെത്തകൾ ക്രിസ്തുവിന്റെ പാദത്തിങ്കൽ അർപ്പിക്കാം...

"രാജാവ് ശയ്യയിലായിരിക്കേ, എന്റെ

ജടാമാഞ്ചി തൂമണം തൂകട്ടെ' (ഉത്തമ 1:12)" യെന്ന് പ്രാർഥിക്കാം...



*പുല്ലുവിള ഫൊറോനയുടെ 2020–21 വർഷത്തെ ഫൊറോനാ വിദ്യാഭ്യാസ ശുശ്രൂഷാ സമിതി അംഗങ്ങളായി ചുമതലയേറ്റവർ ഫാ. ഫ്രെഡി സോളമൻ അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷാ അസി. ഡയറക്ടർ ഫാ. ഇമ്മാനുവേൽ എന്നിവരോടൊപ്പം. പുല്ലുവിള ഫൊറോനാ വിദ്യാഭ്യാസ ശുശ്രൂഷാ സമിതി ജനറൽ ബോഡി യോഗം ഫൊറോനാ വികാരി ഫാ. ബെബിൻസൺ നേരത്തെ ഉദ്ഘാടനം ചെയ്തു.*



*2019-20 വർഷത്തെ കെസിഎസ്എൽ സംസ്ഥാനതല പ്രവർത്തനത്തിന് മൂന്നാംസ്ഥാനം ലഭിച്ച തിരുവനന്തപുരം ലത്തീൻ അതിരൂപതയ്ക്കുവേണ്ടി എറണാകുളം അതിരൂപത സഹായ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലിൽ നിന്നും കെസിഎസ്എൽ പ്രസിഡന്റ് ഡാമിയൻ ജോർജ്ജ് സിസ്റ്റർ ഓർഗനൈസർ സിസ്റ്റർ ലെസ്ന എന്നിവർ ചേർന്ന് ട്രോഫി ഏറ്റുവാങ്ങുന്നു*

## റോയി ജോസഫ് കെസിവൈഎം പ്രസിഡന്റ്

തിരുവനന്തപുരം: തിരുവനന്തപുരം ലത്തീൻ അതിരൂപത കെസിവൈഎം പ്രസിഡന്റായി റോയി ജോസഫ്-തുമ്പ തെരഞ്ഞെടുക്കപ്പെട്ടു. ജോബി പൂന്തുറയാണ് സെക്രട്ടറി. വെള്ളയമ്പലത്തു നടന്ന കെസിവൈഎം അതിരൂപതാ സമിതിയുടെ 45-ാമത് വാർഷിക സെനറ്റ് സമ്മേളനമാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്. സെനറ്റ് സമ്മേളനം അജപാലന ശുശ്രൂഷാ ഡയറക്ടർ ഡോ. ഡാർവിൻപീറ്റർ ഉദ്ഘാടനം ചെയ്തു.

# ഉന്നതവിജയം നേടിയവരെ ആദരിച്ചു

തിരുവനന്തപുരം: ഉന്നത വിദ്യാഭ്യാസത്തിനോടൊപ്പം സാമൂഹ്യ പ്രതിബദ്ധതയ്ക്ക് ഊന്നൽ നൽകണമെന്ന് തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് പറഞ്ഞു. ഇച്ഛാശക്തിയും സ്ഥിരോത്സാഹവും കൈവെടിയാത്ത ഏതൊരാൾക്കും വിജയം കൈവരിക്കാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു. 2019-20 അധ്യായന വർഷത്തിൽ അതിരൂപതയിൽ നിന്ന് വിവിധ തലങ്ങളിൽ പ്രശസ്തമായ വിജയം കൈവരിച്ചവരെ ആദരിക്കാൻ വിദ്യാഭ്യാസ ശുശ്രൂഷാ സംഘടിപ്പിച്ച ചടങ്ങ് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു ബിഷപ്പ് ഡോ. ക്രസ്തുദാസ്. അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷാ ഡയറക്ടർ ഫാ. മെൽക്കന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ അതിരൂപതാ കോർപ്പറേറ്റ് മാനേജർ ഫാ. ഡൈസൺ, അസി. ഡയറക്ടർ ഫാ. ഇമ്മാനുമേൽ എന്നിവർ പ്രസംഗിച്ചു. വിവിധ വിഷയങ്ങളിൽ ഉന്നതവിജയം നേടിയവരെ ചടങ്ങിൽ ആദരിച്ചു.



*അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ആദരിക്കൽ ചടങ്ങിൽ വച്ച് ചരിത്രത്തിൽ ഡോക്ടറേറ്റ് നേടിയ ബീറ്റാ ജോണിന് സഹായമെത്രാൻ ഡോ. ക്രിസ്തുദാസ്  ഉപഹാരം നൽകുന്നു*




**2021 മാർച്ച് മാസം ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്**

# അജപാലന ശുശ്രൂഷ: അടിസ്ഥാന ക്രൈസ്തവ സമൂഹത്തിൽ

**1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം**

**2. സ്വാഗതം: കുടുംബനാഥൻ/ നാഥ**

**3. യേശുവിനെ ക്ഷണിക്കൽ**

പ്രതീക്ഷയും പ്രകാശവും നഷ്ടപ്പെട്ട മനുഷ്യവർഗ്ഗത്തെ നവീകരിക്കുന്നതിനായ് വെളിച്ചമായ് ജീവനായ് കടന്നുവന്ന ദൈവപുത്രനായ യേശുവിനെ നമ്മുടെ ജീവിതങ്ങൾക്ക് ഉണർവും ഓജസ്സും നൽകുന്നതിനായ് കുടുംബങ്ങൾ നവീകരിക്കപ്പെടുന്നതിനായ്, ഈ കൂട്ടായ്മയിലേക്ക് ക്ഷണിക്കാം.

**4. വചനഗീതി**

**5. ദൈവവചന പാരായണം**

**ലൂക്കാ 8:26-39**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

**6. വചനവിചിന്തനം**

സുവിശേഷം അവതരിപ്പിക്കുന്ന പിശാചുബാധിതനെ ഒന്നു സൂക്ഷിച്ചു നോക്കിയാൽ ഒരു പക്ഷെ അയാൾക്ക് നമ്മുടെ രൂപവും ശൈലിയുമായിരിക്കും. സ്വന്തമായി പേരും വിലാസവും ഇല്ലാത്തതിനാൽ നമ്മുടെ പേരും വിലാസവും നല്കാവുന്നതാണ്. വളരെക്കാലമായി ഇയാൾ വസ്ത്രം ധരിക്കാറില്ല :- ആരെയും ബഹുമാനിക്കാത്ത എത്രതന്നെ മോശമാകാനും മടിയില്ലാത്തവൻ. താമസം ശവക്കലറയിൽ :- വീട് ഭയമില്ലാതെ വന്നു ചേരാവുന്ന അഭയത്തിന്റെ പേരാണ്. വീടും ചിലപ്പോൾ ശവകല്ലറകൾക്ക് സമാനമാകുന്നുണ്ടോ? യേശുവിനെ ദൈവപുത്രനായി ഏറ്റു പറയുന്നു :- പിശാചിനുപോലും വിശ്വാസപ്രഖ്യാപനം നടത്താനാവും. വ്യാജസഭകൾ അരങ്ങുവാഴുന്ന കാലഘട്ടമാണിത്. അധരം കൊണ്ട് ആരാധിക്കുന്ന ദൈവത്തെ ഹൃദയം കൊണ്ട് അകറ്റി നിർത്തുന്നതാണ് യഥാർത്ഥ വിശ്വാസമില്ലായ്മ/ദൈവനിഷേധം. ചങ്ങലകളാൽ ബന്ധിതനാണവൻ :- പുറത്തെ ചങ്ങലയെക്കാൾ അകത്തെ ചങ്ങലയാണ് ധ്യാനവിഷയം. ഞാൻ, എന്റെ എന്നീ ഇടുങ്ങിയ, ജീർണ്ണിച്ച അവസ്ഥയാണ് പിശാചുബാധ. പിശാചുബാധിതൻ ആൾക്കൂട്ടാണ്:- ലെഗിയോൺ റോമൻ സൈന്യവ്യൂഹത്തിലെ 100 പേരടങ്ങിയ വ്യൂഹമാണ്. സത്യവിശ്വാസിനെതിരെ പ്രവർത്തിക്കുന്ന ആൾക്കൂട്ടങ്ങളുടെ പ്രതീകമാണ് ലെഗിയോൺ. പന്നിയെന്ന സങ്കൽപം :- ബാഹ്യമായ എല്ലാ അശുദ്ധിയും ദേഹത്തു സ്വീകരിക്കുന്ന മൃഗം. അവൻ ആഗ്രഹിക്കുക കൂടുതൽ ചെളിമാത്രം. എന്റെ ആഗ്രഹങ്ങളും അത്തരത്തിലുള്ളതാണോ?

കുഞ്ഞിന്റെ പഠനത്തിന്റെ ഗ്രാഫ് താഴുന്നതായി ടീച്ചേഴ്സ് റിപ്പോർട്ട് നല്കിയെന്ന സങ്കടം വൈദീകനെ അറിയിച്ച ഇടവകാംഗത്തോട് വികാരി ചോദിച്ചു: കുഞ്ഞിന്റെ വിശ്വാസത്തിന്റെ ഗ്രാഫ് എങ്ങനെ? കുടുംബപ്രാർഥനയുടെ, ദിവ്യബലിയിൽ സംബന്ധിക്കുന്നതിന്റെ, മതബോധനത്തിന്റെ, കുമ്പസാരിക്കുന്നതിന്റെ ഒക്കെ ഗ്രാഫ് പരിശോധിക്കുവാൻ ആവശ്യപ്പെട്ട വികാരിയോട് നിർത്താതെയുള്ള പുഞ്ചിരിയായിരുന്നു ഇടവകാംഗത്തിന്റെ മറുപടി. വിശ്വാസസംബന്ധമായ എല്ലാ ചോദ്യങ്ങൾക്കും കൊറോണ എന്ന ഒറ്റ ഉത്തരവും വിശ്വാസതേര ചോദ്യങ്ങൾക്കു ആവലാതികൾ പറഞ്ഞു ഉറക്കെ നിലവിളിക്കുകയുമാണോ ഞാൻ ചെയ്യുന്നത്? കൊറോണ ഉൾപ്പെടെയുള്ള എല്ലാ പ്രതിഭാസങ്ങളിലൂടെയും എന്നോടു സംസാരിക്കുന്ന ദൈവസ്വരത്തെ ഞാൻ തിരിച്ചറിയുന്നുണ്ടോ? ഭൗതീകതയുടെ നശ്വരതയെ ഇത്ര മനോഹരമായി വ്യക്തമാക്കിത്തരുന്ന മറ്റൊരവസരം (കൊറോണ കാലഘട്ടമല്ലാതെ) എന്റെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ടോ? നഷ്ടപ്പെട്ടവയെക്കുറിച്ച് പരാതി പറഞ്ഞിരിക്കാതെ ഭൗതിക വളർച്ചയ്ക്കായുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുപോലെ ആത്മീയ വളർച്ചയ്ക്കായുള്ള എന്റെ പ്രവർത്തനങ്ങൾ എന്തൊക്കെ? അവ ചർച്ച ചെയ്യപ്പെടേണ്ടതല്ലേ?

**7. ചർച്ച**

a. രണ്ടു രീതിയിൽ നമ്മുടെ ജീവിതം തള്ളിനീക്കാം. വസ്ത്രമില്ലാതെ, ശവക്കല്ലറകളിൽ അന്തിയുറങ്ങി, വിശ്വാസിയാണെന്നു മേനി പറഞ്ഞ് ജീവിക്കാം; അല്ലെങ്കിൽ നഷ്ടപ്പെടുത്തിയ കൃപയുടെ അങ്കി-നല്ല കുമ്പസാരത്തിലൂടെ, കാരുണ്യപ്രവർത്തികളിലൂടെ വീണ്ടെടുത്തുകൊണ്ട്, ഭവനത്തെ സ്നേഹ കൂടാരമാക്കി മാറ്റാം. ഞാൻ എന്ത് ചെയ്യുവാൻ ആഗ്രഹിക്കുന്നു?

b. യൂണിറ്റ് അംഗങ്ങൾ വിശ്വാസ ജീവിതത്തിൽ എന്തുമാത്രം മുന്നേറുന്നു? തെറ്റായ പ്രാർഥനഗ്രൂപ്പുകളിൽ പോകുന്നവരുണ്ടോ? കത്തോലിക്ക സഭ പഠിപ്പിക്കുന്ന വിശ്വാസസത്യങ്ങൾ ബൈബിൾ അടിസ്ഥാനമാക്കി മനസ്സിലാക്കുന്നുണ്ടോ?

**8. റിപ്പോർട്ട്**

**9. ഹാജർ**

**10. പൊതു അറിയിപ്പ്**

**11. വിശ്വാസികളുടെ പ്രാർത്ഥന**

**12. സമാപനഗാനം**

**13. നന്ദി**

*തയ്യാറാക്കിയത്:*
**ഫാ. സുരേഷ് പയസ്**
ബിസിസി എക്സി. സെക്രട്ടറി
തിരു. അതിരൂപത

● ജെ.സി



# ദേശീയ സമുദ്രമത്സ്യബന്ധന നയം

**ആ**ഴക്കടൽ മത്സ്യബന്ധനത്തിനായി വിദേശ മീൻപിടുത്ത കപ്പലുകൾക്ക് വീണ്ടും കടന്നുവരാനുള്ള വഴി കേന്ദ്ര സർക്കാർനയത്തിലൂടെ തുറന്നിടുകയാണ്.

******

അടുത്ത പത്തുവർഷം ഇന്ത്യയിലെ സമുദ്ര മേഖലാ വികസനത്തിന്റെ ദിശ നിർണയിക്കുന്നത് ഈ നയമായിരിക്കും. ഒരു വിദഗ്ധ സമിതിയുടെ നേതൃത്വത്തിൽ ഈ മേഖലയിലെ ജനങ്ങളുടെയും സംഘടനകളുടെയും അഭിപ്രായങ്ങൾ സമാഹരിച്ച് ഒരുവർഷം നീണ്ടുനിന്ന ഒരു പ്രക്രിയ ഇതിന്റെ പിന്നിലുണ്ട്. എന്നാൽ ഈ കേന്ദ്രനയം മത്സ്യത്തൊഴിലാളി സമൂഹത്തെയാകെ നിരാശപ്പെടുത്തിയിരിക്കുന്നു. ആഴക്കടൽ മത്സ്യബന്ധനം സംബന്ധിച്ച പുതിയ മാർഗനിർദ്ദേശങ്ങളും ശുപാർശകളും മാത്രമാണ് നയത്തിൽ ഉള്ളത്. വൻകിട കപ്പലുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് അനുകൂലമായ നയമാണിത്. പരമ്പാരഗതമായ മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മീൻപിടുത്തം നടത്താനുള്ള വൈദഗ്ധ്യവും ശേഷിയും വികസിപ്പിക്കും എന്നതായിരുന്നു സർക്കാരിന്റെ മുൻ നിലപാട്. ഇതിനായി തദ്ദേശീയ മീൻപിടിത്തക്കാരുടെ സഹകരണ സംഘങ്ങളെയും, സ്വാശ്രയ ഗ്രൂപ്പുകളെയും സഹായിക്കും. എന്നാൽ ഇപ്പോൾ പ്രസിദ്ധീകരിച്ച നയത്തിലാകട്ടെ വിദേശ കപ്പലുകൾ ഉൾപ്പെടെ വൻകിടക്കാർക്ക് അനുകൂലമായ കാര്യങ്ങളാണ് കൂട്ടിച്ചേർത്തിരിക്കുന്നത്. ഏകജാലക സമ്പ്രദായം ഏർപ്പെടുത്തിയും പി.പി.പി. മോഡൽ പ്രോത്സാഹിപ്പിക്കുമെന്നും എടുത്തുപറയുന്നുണ്ട്. ഇവയെല്ലാം തന്നെ കരട് നയത്തിൽ ഉണ്ടായിരുന്നില്ല.

തുറമുഖ ലോബികൾക്ക് അനുകൂലമായ നയമാണ് ഇപ്പോൾ കേന്ദ്ര സർക്കാർ എടുത്തിരിക്കുന്നത്. കരട് നയത്തിൽ തുറമുഖങ്ങളുടെ വ്യാപക നിർമാണം കടലോരത്തെ ജനങ്ങളുടെ ആവാസത്തിനും മത്സ്യബന്ധനത്തിന്റെ നിലനിൽപ്പിനും സൃഷ്ടിക്കുന്ന ദുരിതങ്ങൾ നേരിടുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഉണ്ടായിരുന്നു. തുറമുഖങ്ങളുടെ നിർമാണവും വികസനവും ഇന്ത്യയുടെ തീരങ്ങളിൽ പ്രത്യേകിച്ച് കേരളത്തിൽ വൻതോതിൽ തീരശോഷണവും മണ്ണിടിയലിനും കാരണമാകുന്നതായി കരട് നയത്തിൽ (ഖണ്ഡിക 38) എടുത്തുപറഞ്ഞിരുന്നു. ഇത് മീൻപിടുത്തക്കാരുടെ വാസസ്ഥലങ്ങൾ നശിക്കുന്നതിന് ഇടവരുത്തുന്നതായും മത്സ്യ ആവാസ വ്യവസ്ഥകളെ ഇല്ലാതാക്കുന്നതായും മീൻ പിടുത്തക്കാരുടെ ഉപജീവനത്തെ ബാധിക്കുന്നതായും പറഞ്ഞിരുന്നു. ഭാവിയിൽ ഇത്തരം തുറമുഖങ്ങൾ നടപ്പിലാക്കുന്നതിന് മുൻപ് മീൻപിടുത്തക്കാരുടെ ആഭിപ്രായങ്ങൾ കണക്കിലെടുക്കണമെന്നും കരട് നയത്തിൽ ഉണ്ടായിരുന്നു. പുതിയ നയത്തിൽ മേൽപ്പറഞ്ഞ മിക്ക നിർദ്ദേശങ്ങളും ഒഴിവാക്കുകയും ചെയ്തിരിക്കുന്നു.

വ്യാപകമായ തീരവും തീരദേശവാസികളുടെ കിടപ്പാടവും ജീവനോപാധികളും നശിപ്പിക്കുന്ന വാണിജ്യ തുറമുഖങ്ങൾക്കെതിരെ തമിഴ്നാട്ടിലെ കാട്ടുപള്ളിയിലും ഇനയത്തും, മഹാരാഷ്ട്രയിലെ വാധവാനിലും ഗുജറാത്തിലെ ചില തുറമുഖങ്ങളിലും, അതിശക്തമായ ജനകീയ പ്രക്ഷോഭങ്ങൾ നടന്നത് നാം വിസ്മരിക്കരുത്. വിഴിഞ്ഞത്തെ അദാനി തുറമുഖത്തിന്റെ ആഘാതം പൂന്തുറ, വലിയതുറ, ശംഖുമുഖം, വേളി പ്രദേശങ്ങളിൽ നാം കണ്ടതാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കടൽ അപ്രാപ്യമാകുന്ന സാഹചര്യം സൃഷ്ടിക്കുന്ന ദേശീയ നയം നാം ചെറുത്തുതോൽപ്പിക്കണം.


തിരുവനന്തപുരം ലത്തീൻ അതിരൂപത
മാര്യേജ് ബ്യൂറോ
ക്രൈസ്തവ കുടുംബങ്ങളിൽ നിന്നുള്ള
പവിത്ര ബന്ധങ്ങൾക്ക്...
RC MATRIMONIAL
UNDERTAKING OF KRLCC
FOR REGISTRATION
www.rcmatrimonial.org
Central Office
MINISTRY OF FAMILY APOSTOLATE
LATIN ARCHDIOCESE OF TRIVANDRUM
VELLAYAMBALAM, TRIVANDRUM
Mob: 93872 96213
matrimonialrc@gmail.com (E)

Total Page 24 Pub. Date : 01.03.2021
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto